ശ്രീനാരായണഗുരു

കുറ്റിപ്പുഴ കൃഷ്ണപിള്ള

ശ്രീനാരായണഗുരു

കുറ്റിപ്പുഴ കൃഷ്ണപിള്ള
(മലയാളം: ലേഖനം)

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Sree Narayana Guru, a photograph by K. P. Padmanabha Menon. The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

ശ്രീനാരായണഗുരു

സ്മരണകൾ അയവിറക്കുക സന്തോഷമുള്ള ഒരു കാര്യമാണ്; വാർദ്ധക്യത്തിൽ വിശേഷിച്ചും. കഴിഞ്ഞകാലത്തിലേയ്ക്കു തിരിഞ്ഞുനോക്കുമ്പോൾ, ആലുവാ അദ്വൈതാശ്രമ സംസ്കൃതപാഠശാലയിലെ എന്റെ അധ്യാപക ജീവിതമാണ് മനസ്സിൽ മുന്നിട്ടുനിൽക്കുന്നത്. ശ്രീനാരായണഗുരു സ്ഥാപിച്ച ഈ പാഠശാല ഇപ്പോൾ ഒരു ഹൈസ്കൂളായി രൂപാന്തരപ്പെട്ടിരിക്കുകയാണ്. സംസ്കൃതത്തിന് ഇന്ന് അവിടെ ഒരു സ്ഥാനവുമില്ല. വിദ്യാഭ്യാസ നവീകരണത്തിൽ, പഴയരീതിയിലുള്ള സംസ്കൃതപാഠശാലകളെല്ലാംതന്നെ പമ്പ കടന്നു. ഇന്ത്യക്കു സ്വാതന്ത്ര്യം കിട്ടിയതോടെ സംസ്കൃതഭാഷയ്ക്കു കഷ്ടകാലമായി. ഇപ്പോൾ എഴുത്തിലും പ്രസംഗത്തിലും മാത്രം ഗീർവ്വാണവാണി മാഹാത്മ്യം ഘോഷിച്ച് ആളുകൾ തൃപ്തിയടയുകയാണ്. അതെന്തെങ്കിലുമാകട്ടെ 1921-ൽ ആലുവാ സെന്റ് മേരീസ് ഇംഗ്ലീഷ് ഹൈസ്കൂളിൽനിന്ന് സ്കൂൾ ഫൈനൽ പരീക്ഷ (ഇപ്പോഴത്തെ എസ്. എസ്. എൽ. സി.) പാസ്സായതിനു ശേഷം അടുത്തകൊല്ലം ഞാൻ പ്രസ്തുത സംസ്കൃതപാഠശാലയിലെ അധ്യാപകനായി. പ്രൈമറി സ്കൂൾവിദ്യാഭ്യാസം പൂർത്തിയാക്കിയ കുട്ടികളെയാണ് ഇവിടെ ചേർത്തിരുന്നത്. പ്രഥമ, ദ്വിതീയ, തൃതീയ ഇത്യാദി സംസ്കൃതപേരുകളിലായിരുന്നു ക്ലാസ്സുകളുടെ വിഭജനം. അങ്ങനെ ആറു ക്ലാസ്സുണ്ട്. ആറാമത്തെ ക്ലാസ്സുകഴിയുമ്പോൾ കുട്ടികളെ അന്നത്തെ ഗവൺമെന്റ് നടത്തിയിരുന്ന ശാസ്ത്രിപരീക്ഷയ്ക്കു അയയ്ക്കും. പാവപ്പെട്ടവരും താണജാതിക്കാരുമായ എത്രയോ വിദ്യാർത്ഥികൾ—അത്തരക്കാരായിരുന്നു അന്ന് അധികവും—അവിടെ പഠിച്ചു ശാസ്ത്രിമാരായിട്ടുണ്ട്. സംസ്കൃതമയമായിരുന്നു പാഠശാലയിലെ അന്തരീക്ഷം. അധ്യാപകർ ഹാജർ വിളിക്കുമ്പോൾ, അസ്തി അല്ലെങ്കിൽ ആഗതോസ്മി എന്നാണ് കുട്ടികൾ മറുപടി പറയുക. വിദ്യാർത്ഥിസമ്മേളനങ്ങളിൽ ഉപന്യാസവായനയും പ്രസംഗവുമെല്ലാം സംസ്കൃതത്തിൽതന്നെ. ഇങ്ങനെ സകലതും ദേവഭാഷയിലായിരുന്നെങ്കിലും മലയാളവും ഇംഗ്ലീഷും ഉപഭാഷകളായി കുട്ടികൾക്കു പഠിക്കാനുണ്ടായിരുന്നു. ഇംഗ്ലീഷ് പഠിപ്പിക്കലായിരുന്നു എന്റെ ജോലി.

പ്രഥമദർശനം

പാഠശാലയിൽച്ചേർന്ന് അധികദിവസം കഴിയുന്നതിനു മുമ്പുതന്നെ, ശ്രീനാരായണഗുരുവിനെ ദർശിക്കുവാനും അദ്ദേഹവുമായി അല്പനേരം സംഭാഷണംനടത്താനും എനിക്ക് അവസരം ലഭിച്ചു. അതുവരെ ഞാനദ്ദേഹത്തെ കണ്ടിട്ടില്ലായിരുന്നു. ഒരു ദിവസം ഉച്ചതിരിഞ്ഞ് മൂന്നു മണിക്ക് അന്നത്തെ എന്റെ ജോലി തീർന്നു അഞ്ചുമൈൽ ദൂരെയുള്ള വീട്ടിലേയ്ക്ക് അപ്പോൾത്തന്നെ ഞാൻ തിരിച്ചുപോകാൻ ഒരുങ്ങുകയായിരുന്നു. ഗേറ്റിൽ ചെന്നപ്പോൾ അവിടെ സാലപ്രാംശുവും മഹാഭുജനും കാഷായാംബരധാരിയുമായ ഒരാൾ ദീർഘദണ്ഡുമേന്തി നില്ക്കുന്നു. അസാധാരണമായ മുഖ തേജസ്സുകൊണ്ടുതന്നെ ആളാരാണെന്ന് ഊഹിക്കാമായിരുന്നു. ദിവസവും നാലു മണിയ്ക്കു സ്കൂൾ വിട്ടാൽ ക്ഷണനേരംപോലും അവിടെ തങ്ങിനിൽക്കാതെ വീട്ടിലേയ്ക്കോടിയിരുന്ന ഞാൻ, ശ്രീനാരായണഗുരു അന്നു വിശ്രമാർത്ഥം ആലുവായിലെത്തിയിരുന്ന വിവരം ഗ്രഹിച്ചിരുന്നില്ല. അദ്ദേഹം പാഠശാലയിലെ വിശ്രമമന്ദിരത്തിൽ നിന്ന് ആറ്റിൻകരയിലുള്ള ആശ്രമത്തിലേയ്ക്കു പുറപ്പെട്ടുനിൽക്കുകയായിരുന്നു. എന്നെക്കണ്ടപ്പോൾ 'ആര്' എന്ന ഘനഗംഭീര സ്വരത്തിലൊരു ചോദ്യം. "ഇവിടെ ഇംഗ്ലീഷ് പഠിപ്പിക്കുന്നു..." എന്നു ഞാൻ പതുക്കെ പറഞ്ഞുതുടങ്ങിയപ്പോഴേയ്ക്കും "ഓ! പുതുതായി വന്ന ഇംഗ്ലീഷു വാദ്ധ്യാരോ?" എന്നു വീണ്ടും ചോദിച്ചുകൊണ്ടു സ്വാമി പിന്നൊന്നും മിണ്ടാതെ ഗേറ്റുകടന്നു നടക്കാൻതുടങ്ങി. ഞാനും പിന്നാലെ ചെന്നു. എനിക്കു പോകേണ്ട വഴിയും അതായിരുന്നു. റോഡിൽവച്ച് അദ്ദേഹം തിരിഞ്ഞു നോക്കുകയോ എന്തെങ്കിലും ചോദിക്കുകയോ ഒന്നും ചെയ്തില്ല. ഇങ്ങനെ ഒരുവൻ തന്നെ പിന്തുടരുന്നുണ്ടെന്നു പോലും അദ്ദേഹം ഭാവിച്ചില്ല. ആ മൗനവലയം ഭേദിച്ച് അങ്ങോട്ട് കേറി എന്തെങ്കിലും ചോദിക്കാനോ പറയാനോ എനിക്കൊരുപേടി. 'അധൃഷ്യശ്ചാഭിഗമ്യശ്ച' എന്ന കാളിദാസോക്തിയിലെ രണ്ടു ഭാവങ്ങളും സ്വാമിയിലുണ്ടായിരുന്നുവെങ്കിലും ആദ്യം കാണുന്നവർക്ക് ഒന്നാമത്തേതാണ് പെട്ടെന്നനുഭവപ്പെടുക. റോഡിൽനിന്ന് ആശ്രമ സ്ഥലത്തേയ്ക്കു തിരിഞ്ഞപ്പോഴും അദ്ദേഹമെന്നെ നോക്കിയില്ല; കൂടെച്ചെല്ലാൻ പറഞ്ഞുമില്ല. ആ സ്ഥിതിക്ക് വേണമെങ്കിൽ എനിക്കു നേരേ പോകാമായിരുന്നു; പക്ഷേ, എന്തുകൊണ്ടോ, സ്വാമിയുടെ കൂടെ ആശ്രമത്തിലേയ്ക്കു കടക്കണമെന്നു തോന്നി. അദ്ദേഹം ചെന്നിരുന്നതു പുഴവക്കിലുള്ള ഒരു മാവിന്റെ ചുവട്ടിലായിരുന്നു. ഞാനും അവിടെ ചെന്നുനിന്നു. അനുവാദം കൂടാതെ അങ്ങോട്ടുചെന്നതു ധിക്കാരമായോ എന്നുപോലും ഞാൻ ശങ്കിച്ചു. അല്പനേരത്തെ മൗനത്തിനുശേഷം; അദ്ദേഹമെന്റെ ഊരും പേരും മറ്റും ചോദിച്ചു തുടങ്ങിയപ്പോൾ തെല്ലൊരാശ്വാസം തോന്നി. ഞാൻ ദിവസവും പത്തുനാഴിക നടന്നാണ് അധ്യാപകജോലി നിർവ്വഹിച്ചു പോരുന്നതെന്നും മറ്റുമുള്ള വിവരം അപ്പോഴാണ് സ്വാമി മനസ്സിലാക്കിയത്. ഉടനെ പരിചാരകനെ വിളിച്ചു കുറേ പഴം കൊണ്ടുവരുവാൻ പറഞ്ഞു. അയാളിൽ നിന്ന് അതുവാങ്ങി സ്വാമിതന്നെ എനിക്കുതന്നു. അന്നത്തെ സന്ദർശനം അങ്ങനെ മധുരഫലാസ്വാദനത്തിൽ കലാശിച്ചു. തുടർന്ന് അഞ്ചാറുകൊല്ലം, ശ്രീനാരായണഗുരു ആലുവായിൽ വിശ്രമിക്കാൻ വരുമ്പോഴൊക്കെ, അദ്ദേഹവുമായി അടുത്ത സമ്പർക്കം പുലർത്താനും ആ ഗുരുമുഖത്തുനിന്നു പല വിശിഷ്ടോപദേശങ്ങൾ കേൾക്കാനും എനിക്കു ഭാഗ്യമുണ്ടായിട്ടുണ്ട്. നാൽപ്പതു കൊല്ലം മുമ്പുള്ള ആ കാലഘട്ടം എന്റെ ജീവിതത്തിലെ ഒരു വഴിത്തിരിവായിരുന്നുവെന്നു പറയാം.

എല്ലാം പോയോ?

പാഠശാലാ ഹോസ്റ്റലിലെ വിദ്യാർത്ഥികൾക്കു ചിലപ്പോൾ സ്വാമിയുടെ വകയായി ഒരു സദ്യകൊടുക്കാറുണ്ട്. വിവിധ ജാതിമതസ്ഥരായ വിദ്യാർത്ഥികൾ ഒന്നിച്ചിരുന്നാണ് ഭക്ഷണം കഴിക്കുന്നതെന്നു പറയേണ്ടതില്ലല്ലോ. ഒരു തവണ സദ്യയ്ക്കു എന്നെയും ആശ്രമാധികാരികൾ ക്ഷണിച്ചു. അക്കാലത്തെ സ്ഥിതിക്ക്, ഞാൻ ക്ഷണം സ്വീകരിക്കുമോ എന്ന് അവർക്ക് സംശയമുണ്ടായിരുന്നു. അന്നു മിശ്രഭോജനം അക്ഷന്തവ്യമായ ആചാര ലംഘനമായിട്ടാണ് സവർണ്ണഹിന്ദുക്കൾ കരുതിയിരുന്നത്. ഒരു യാഥാസ്ഥിതിക കുടുംബത്തിൽ ജനിച്ചുവളർന്നവനും അധികം ലോകം കാണാത്തവനുമായ എനിക്കും ഒട്ടൊരു ശങ്കതോന്നാതിരുന്നില്ല. എങ്കിലും ഒട്ടും മടിക്കാതെ ഞാൻ ഉണ്ണാൻ ചെന്നു. പറയൻ, പുലയൻ, നായർ, ഈഴവൻ, ക്രിസ്ത്യാനി ഇങ്ങനെ ബ്രാഹ്മണരൊഴിച്ചുള്ളവരെല്ലാം നിരന്നിരുന്ന പന്തിയിൽ സ്വാമി അഗ്രാസനസ്ഥനായി. തൊട്ടടുത്തുതന്നെ എനിക്കും ഇലയിട്ടിരുന്നു. വിളമ്പിത്തുടങ്ങിയപ്പോൾ അദ്ദേഹം എന്നെ നോക്കി തികഞ്ഞ ഗൗരവത്തോടെ "പോയോ" എന്നു മാത്രം ചോദിച്ചു. എനിക്കൊരു പിടിയും കിട്ടിയില്ല. ഒന്നും മിണ്ടാതെ ഞാൻ അല്പമൊന്നമ്പരന്നു മിഴിച്ചിരുന്നുപോയി. അതുകണ്ട് ഒരു ചെറിയ പുഞ്ചിരിയോടെ അദ്ദേഹം "എല്ലാം പോയോ" എന്നു വീണ്ടും ചോദിച്ചു. അപ്പോഴേയ്ക്കും എനിക്കാ ചോദ്യത്തിന്റെ പൊരുൾ തെളിഞ്ഞു. "എല്ലാം പോയി സ്വാമി" എന്നു പതിഞ്ഞ സ്വരത്തിൽ ഞാൻ വിനീതനായി അറിയിച്ചു. ജാതി സംബന്ധമായ ശങ്കയും വൈമനസ്യവുമെല്ലാം പോയോ എന്നായിരുന്നു ചോദ്യത്തിലെ ധ്വനി. പാരമ്പര്യത്തിൽ കെട്ടുപിണഞ്ഞു കിടക്കുന്ന ജാതിക്കറ തീരെ മാഞ്ഞുപോകുക അന്ന് എളുപ്പമല്ലല്ലോ. എന്റെ ആദ്യത്തെ മിശ്രഭോജനമായിരുന്നു അത്. ശ്രീനാരായണഗുരുവിന്റെ മഹനീയ സന്നിധാനത്തിൽ അന്നു ഞാൻ ആദ്യമായി മനുഷ്യസമത്വം കണ്ടെത്തി.

ഗുരുശിഷ്യസംവാദം

വേദാന്തത്തിൽ, വിശേഷിച്ച് അദ്വൈതചിന്തയിൽ അക്കാലത്ത് എനിക്ക് അമിതമായ ആഭിമുഖ്യമുണ്ടായിരുന്നു. പ്രഭാതസ്നാനം, ഗീതാപാരായണം, ധ്യാനം ഇതൊക്കെ മുറതെറ്റാതെ ദിനചര്യയിൽ ഉൾപ്പെട്ടിരുന്നു. ഒരു ദിവസം രാവിലെ ഒമ്പതു മണിക്കു മുമ്പായി ഞാൻ സ്കൂളിലെത്തി. അപ്പോൾ സ്വാമി അവിടത്തെ മഠത്തിലെ വരാന്തയിൽ ഒരു ചാരുകസേരയിൽ കിടക്കുകയായിരുന്നു. ഞാൻ അടുത്തു ചെന്നു വന്ദിച്ച് അല്പം മാറി നിലകൊണ്ടു. പ്രശാന്ത നിശ്ശബ്ദമായൊരു സന്ദർഭം. മുകളിലോട്ടു നോട്ടമുറപ്പിച്ചുകൊണ്ടു സ്വാമി മൗനത്തിലാണ്ടിരിക്കയാണ്. കുറേ കഴിഞ്ഞപ്പോൾ ഞാൻ ധൈര്യമവലംബിച്ച് അദ്വൈതസിദ്ധാന്തത്തെപ്പറ്റി എന്തോ ഒരു സംശയം ചോദിച്ചു. അതു ഗുരുശിഷ്യസംവാദരൂപത്തിലുള്ള ദീർഘമായൊരു വേദാന്ത വിചാരത്തിനു വഴിതുറന്നു. ജഗന്മിഥ്യാവാദമായിരുന്നു പ്രധാനവിഷയം. ലളിതമതികൾക്കുപോലും മനസ്സിലാകത്തക്കവിധം ഓരോ ചോദ്യം ചോദിച്ചും എന്നെക്കൊണ്ട് മറുപടി പറയിച്ചുമാണ് സ്വാമി വാദം വിശദീകരിച്ചത്. മുമ്പിൽ കണ്ട ഒരു കെട്ടിടം ചൂണ്ടിക്കാട്ടിക്കൊണ്ട് ഇപ്പോൾ അതിന്റെ പേരെന്ത്? കെട്ടിടം എന്നല്ലേ?—അതേ. അതുപൊളിച്ച് കല്ലും മരവുമായി പിരിച്ചു താഴെയിട്ടാലോ പിന്നെ കെട്ടിടമുണ്ടോ?—ഇല്ല. പിരിച്ചതിനുശേഷം ഇപ്പോൾ കെട്ടിടമെന്നൊന്നില്ലെങ്കിൽ അത് മുമ്പുണ്ടായിരുന്നെന്ന് എങ്ങനെ പറയാം, ഇല്ലാത്തത് ഉണ്ടാകുമോ? ഇല്ല. അപ്പോൾ കെട്ടിടമെന്നത് ഒരു വ്യവഹാരം മാത്രമായിരുന്നു. നാമരൂപങ്ങളുടെ ഒരു വ്യവഹാരം. അതിനു വാസ്തവികമായ സത്തയില്ല. ഇതുപോലെ കെട്ടിടത്തിന്റെ ഘടകങ്ങളായ കല്ലും മരവും പിരിച്ചുനോക്കുമ്പോൾ അവയും നാമരൂപങ്ങൾ മാത്രമാകുന്നതായി കാണാം. ഇങ്ങനെ നാമരൂപാത്മകമായ ജഗത്തിന് ആത്യന്തികസത്തയില്ലെന്നും അത് മിഥ്യയാണെന്നും ബ്രഹ്മം മാത്രമേ സത്യമായിട്ടുള്ളുവെന്നും സ്വാമി ഉദാഹരണസഹിതം സമർത്ഥിച്ചു. ഒരു മണിക്കൂറിലധികനേരം നീണ്ടുനിന്ന അന്നത്തെ സംഭാഷണം ശിലാരേഖപോലെ എന്നിൽ ഇപ്പോഴും മായാതെ കിടപ്പുണ്ട്. ഇത്രയും ദീർഘമായി സ്വാമി സാധാരണ സംസാരിക്കാറില്ല. ആയിടയ്ക്കു 'കവനകൗമുദി' വിശേഷാൽപ്രതിയിൽ അദ്വൈതത്തെപ്പറ്റി ഞാൻ എഴുതിയ ലേഖനത്തിൽ, അന്നു കേട്ടു പഠിച്ച വാദത്തിന്റെ ചുരുക്കവും ചേർത്തിരുന്നു. അത് ഇവിടെ പകർത്തുന്നത് അപ്രസക്തമാകയില്ലല്ലോ. കാരണരൂപേണ നോക്കുമ്പോൾ കാര്യരൂപങ്ങളെല്ലാം അസത്യമായിത്തീരുന്നുവെന്ന ന്യായമനുസരിച്ചു പ്രപഞ്ചത്തെപ്പറ്റി പരിചിന്തനംചെയ്തുനോക്കിയാൽ അത് അസത്താണെന്നു ബോദ്ധ്യമാകുന്നതാണ്. പദാർത്ഥം (Matter) കാര്യകാരണാത്മകമാകയാലും കാര്യം കാരണത്തിൽനിന്ന് സ്വതേ വ്യതിരിക്തമല്ലാത്തതുകൊണ്ടും അതിനെ പിരിച്ചുപിരിച്ചുനോക്കുമ്പോൾ ഓരോ രൂപവും ക്രമപ്രകാരം കാരണത്തിൽ ലയിച്ചുപോകുന്നതായിക്കാണാം. ഒരു ഗൃഹം ഉദാഹരണമായിട്ടെടുക്കാം. ഗൃഹാകൃതിയിൽ സംഘടിപ്പിച്ചിരുന്ന വസ്തുക്കളെയെല്ലാം പിരിച്ചു നീക്കിനോക്കുമ്പോൾ ഗൃഹം എന്ന വ്യവഹാരം നശിച്ചു പോകുന്നു. കല്ല്, മരം മുതലായ കുറേ അവയവങ്ങളാണ് പിന്നെ ശേഷിക്കുന്നത്. ഗൃഹഘടകങ്ങളായ വസ്തുക്കളെല്ലാം അവിടെത്തന്നെയുണ്ടായിരുന്നിട്ടും ഇപ്പോൾ നാം അവയെ ഗൃഹം എന്നു വിളിക്കുന്നില്ല. അതുകൊണ്ട് ഗൃഹം എന്നൊന്ന് ഉണ്ടായിരുന്നില്ലെന്നും അത് ഒരു വ്യവഹാരം മാത്രമായിരുന്നുവെന്നും സ്പഷ്ടമാകുന്നു. ഇതുപോലെ കല്ലിനെ പിരിക്കുമ്പോൾ കല്ല് എന്ന വ്യവഹാരം നശിക്കുന്നു. ഇപ്രകാരം പിരിച്ചുപിരിച്ചു വരുന്തോറും ആദ്യമുണ്ടായിരുന്ന നാമരൂപങ്ങൾ നശിച്ചു പോകുന്നതാണ്. പക്ഷേ, ഇങ്ങനെ പദാർത്ഥത്തെ വിഘടിപ്പിക്കുമ്പോൾ ഒടുവിൽ അത് അവിഭാജ്യമായ പരമാണുരൂപത്തിലെത്തുമെന്നും തദവസ്ഥയിൽ അതിനു നാശമില്ലെന്നും ഒരു സിദ്ധാന്തമുണ്ട് എന്നാൽ യുക്തി വിചാരത്തിൽ ഇതും തെറ്റാണെന്നു ബോധപ്പെടും. പദാർത്ഥം ഒരിക്കലും നിരവയവമായി അവശേഷിക്കുന്നതല്ല. സ്ഥൂലാകൃതിയിലുള്ള ഗൃഹം മുതൽ സൂക്ഷ്മാകൃതിയിലുള്ള പരമാണുവരെ പദാർത്ഥം പിരിഞ്ഞുപോകുന്നതായി അനുഭവപ്പെടുന്ന മുറയ്ക്കു പിന്നീടവശേഷിക്കുന്ന സൂക്ഷ്മാംശവും അതുപോലെ പിരിയുന്നതാണെന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു. പരമാണു വിഭാജ്യമാണെന്ന് ഇന്നത്തെ സയൻസും തെളിയിക്കുന്നുണ്ടല്ലോ.

> “അസ്തി,ഭാതി,പ്രിയം രൂപം
> നാമചേത്യംശ പഞ്ചകം
> ആദ്യത്രയം ബ്രഹ്മരൂപം
> ജഗദ്രൂപം തതോദ്വയം”

എന്ന ശ്ലോകത്തിന്റെ സാരാംശം വിശദീകരിക്കുകയായിരുന്നു അന്നു സ്വാമി ചെയ്തത്. എന്റെ ലേഖനം ഒരാൾ സ്വാമിയെ വായിച്ചു കേൾപ്പിച്ചപ്പോൾ "ഓ, കുറെയൊക്കെ പഠിച്ചിട്ടുണ്ടല്ലോ. ഒന്നും അറിഞ്ഞുകൂടാ എന്നുകരുതി അന്നു നാം ചിലതെല്ലാം പറഞ്ഞുകൊടുത്തു" എന്ന് അദ്ദേഹം പറയുകയുണ്ടായി. അതിനുശേഷം സ്വാമിക്കു എന്നോട് ഒരു പ്രത്യേക വാത്സല്യം തോന്നിയിട്ടുണ്ടെന്നറിയാൻ പല സന്ദർഭങ്ങളും ഉണ്ടായിട്ടുണ്ട്.

II

പാഠശാലയിൽ ചേർന്ന് രണ്ടുകൊല്ലം കഴിഞ്ഞപ്പോൾ എന്റെ ദിവസേനയുള്ള പത്തു മൈൽ നടപ്പിന് ഒരാശ്വാസം കിട്ടി. ആശ്രമാധികാരികളുടെ സൗമനസ്യംകൊണ്ട്, സ്കൂൾ കെട്ടിടത്തിലെ ഒരു മുറിയിൽ താമസിക്കാൻ സൗകര്യം ലഭിച്ചു. അങ്ങനെ ഞാനും ഒരാശ്രമവാസിയായി. കൊല്ലംതോറും വേനൽക്കാലത്തു ചില മാസങ്ങളെങ്കിലും ശ്രീനാരായണഗുരു ആലുവാ ആശ്രമത്തിൽ വിശ്രമിക്കുക പതിവാണ്. അദ്ദേഹം വരുന്നുവെന്നു കേട്ടാൽ അധ്യാപകരും വിദ്യാർത്ഥികളും എന്തെന്നില്ലാത്തൊരു സന്തോഷത്തിൽ മുഴുകും. ഈ സന്തോഷത്തിന്റെ അടിയിൽ സ്വാർത്ഥപരമായൊരു കാരണവുമുണ്ട്. സ്വാമി അവിടെയുള്ളപ്പോഴാണ്, അധ്യാപകർക്ക് പ്രതിമാസശമ്പളം മുഴുവൻ ഒന്നിച്ചുകിട്ടുക. ഇല്ലാത്തപ്പോഴൊക്കെ പ്രായേണ ഖണ്ഡശഃ എന്നുവേണം പറയാൻ. സർക്കാരിൽ നിന്ന് മൊത്തത്തിൽ 80 രൂപമാത്രമാണ് ഗ്രാന്റായി അന്നു കിട്ടിയിരുന്നത്. ശമ്പളം തികച്ചുകൊടുക്കാൻ വേണ്ടിവരുന്ന ബാക്കി സംഖ്യ ആശ്രമാധികാരികൾ അപ്പോഴപ്പോഴായി അവിടന്നുമിവിടന്നും പിരിച്ചുണ്ടാക്കണം. എന്നാൽ സ്വാമി സ്ഥലത്തുള്ളപ്പോൾ പാദകാണിക്കയായും മറ്റും നല്ലൊരു സംഖ്യ വരവുണ്ടാകുന്നതുകൊണ്ട് ശമ്പളക്കടിശ്ശിക തീർക്കാൻ അതാണൊരവസരം. ഇരുപതുരൂപയായിരുന്നു ഇംഗ്ലീഷ് ടീച്ചറുടെ ശമ്പളം. അന്നത്ര രൂപ ഒന്നിച്ചു കണ്ടിട്ടില്ലാത്ത എനിക്ക് ഇരുപതു വെള്ളി രൂപ തികച്ചു കിട്ടുമ്പോൾ എന്തൊരു സന്തോഷമായിരുന്നെന്നോ! വിദ്യാർത്ഥികൾക്കും ആഹ്ലാദത്തിനു വകയുണ്ടാകും. മുൻ ലേഖനത്തിൽ പറഞ്ഞതുപോലെ അവർക്കു ചിലപ്പോഴൊക്കെ സദ്യകിട്ടും. ജാത്യഭിമാനം മൂലം മിശ്രഭോജനത്തിൽ നിന്ന് ഒഴിഞ്ഞുമാറിനിൽക്കുന്ന കുട്ടികൾക്കു സദ്യ സമയത്ത് അവലും പഴവും വാങ്ങിക്കൊടുക്കാൻ സ്വാമി ആജ്ഞാപിക്കാറുണ്ട്. പട്ടിണി കിടന്നും ആഭിജാത്യം നടിക്കുന്ന ഈ സവർണ്ണസന്തതികളോട് എന്തിനിങ്ങനെ സ്വാമി കാരുണ്യംകാണിക്കുന്നുവെന്നു ചില അന്തേവാസികൾ മുറുമുറുത്തിരുന്നു. ആകാശവിശാലമായ ആ ഹൃദയത്തിലുണ്ടോ അത്തരം സങ്കുചിതവിചാരത്തിനു സ്ഥാനം! അയിത്തം കണിശമായി ആചരിച്ചിരുന്ന ചില സവർണ്ണകുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷ്പഠിക്കാൻ സ്വാമി ഫീസ് കൊടുത്തു സഹായിച്ചിരുന്നതായും കേട്ടിട്ടുണ്ട്. ശതാബ്ദങ്ങളുടെ പാരമ്പര്യമുള്ള കീഴ്നടപ്പുകളുടെ സന്തതികളിൽനിന്ന് ജാതിഭേദവാസന തീരെ വിട്ടുപോകണമെങ്കിൽ കാലം കുറേയധികം മുന്നോട്ടുപോകണമെന്നും ഇക്കാര്യത്തിൽ ആരോടും വിദ്വേഷം തോന്നരുതെന്നും അദ്ദേഹം ഉപദേശിച്ചിരുന്നു.

കുട്ടികളോടുള്ള വാത്സല്യം

ഒരു ദിവസം ഉച്ചയ്ക്ക് സ്കൂൾവിട്ട സമയം. സ്വാമി അവിടത്തെ മഠത്തിലെ വരാന്തയിൽ നാലുപാടും നോക്കിക്കൊണ്ടുനിൽക്കുകയാണ്. ഉച്ചപ്പട്ടിണിക്കാർ മാവിൻചുവട്ടിലും പുഴവക്കിലും കൂട്ടം കൂടി നിൽക്കുന്നു. അവരെ നോക്കിയിട്ട് "എന്തെങ്കിലും ഉണ്ടോ ഇവർക്കു കൊടുക്കാൻ" എന്നു സ്വാമി അടുത്തു നിന്നവരോട് ചോദിച്ചു. ഒരു സന്ന്യാസിശിഷ്യൻ ഉടനെ ഓടിപ്പോയി കലവറ പരിശോധിച്ചു തിരിച്ചുവന്ന് ഒന്നും ഇല്ലല്ലോ എന്ന് അല്പം സങ്കടത്തോടെ അറിയിച്ചു. "ഒന്നും ഇല്ലേ?" എന്നു വീണ്ടും ചോദ്യം. അപ്പോൾ ശിഷ്യൻ പേടിച്ചിടറിയ സ്വരത്തിൽ, 'ഒരു കുപ്പി തേൻ ഇരുപ്പുണ്ട്" എന്നു സമ്മതിച്ചു. 'തേൻ കൊള്ളാമല്ലോ' എന്നായി സ്വാമി. ഉടനെ ഒരു വലിയ കുപ്പി തേൻ അവിടെ ഹാജരാക്കപ്പെട്ടു. കുട്ടികളോട് ഓരോ പ്ലാവിലക്കുമ്പിളുമായി അടുത്തുവരാൻ പറഞ്ഞിട്ടു സ്വാമിതന്നെ കുപ്പി കയ്യിലെടുത്ത് ഓരോ കുമ്പിളിലും തേനൊഴിച്ചുകൊടുത്തു. അൽപ്പാൽപ്പമേ ഓരോരുത്തർക്കും കിട്ടിയുള്ളുവെങ്കിലും കുട്ടികൾ ഭക്ത്യാദരേണ വാങ്ങിക്കഴിച്ച കാഴ്ച്ച മനംകവരുന്ന ഒന്നായിരുന്നു. ഇതുപോലെ മറ്റൊരുദിവസം ഉച്ചയ്ക്ക് കുട്ടികളെ നോക്കിക്കൊണ്ടു സ്വാമി അടുത്തുനിന്നിരുന്ന ഒരു ഗൃഹസ്ഥ ഭക്തനോട് 'പഴമുണ്ടോ' എന്നു ചോദിച്ചു. 'ഉണ്ട്' എന്നു പറഞ്ഞുകൊണ്ട് അയാളോടി. ഏതോ പീടികയിൽ നിന്നെടുത്ത ഒരു കൂറ്റൻ പഴക്കുലയുമായി ഭക്തൻ ഉടൻ തിരിച്ചെത്തി. സ്വാമിതന്നെ ഈരണ്ടു പഴം ഉരിഞ്ഞെടുത്തു കുട്ടികൾക്ക് കൊടുത്തുതുടങ്ങി. കുറേ കഴിഞ്ഞപ്പോൾ പഴം തീർന്നു. കിട്ടാത്ത കുട്ടികൾ ബാക്കിയായി. ഭക്തൻ തൊഴുകൈയുമായി അടുത്തുനിൽക്കയാണ്. "ഇനിയും, ഉണ്ടോ?" എന്നു വീണ്ടും ചോദ്യം. 'ഉണ്ട്' എന്നു പറഞ്ഞ് അയാൾ പിന്നെയും ഓടിപ്പോയി ഒരു കൂറ്റൻ കുലകൂടി കൊണ്ടുവന്നു. അങ്ങനെ അന്നൊരു പഴസ്സദ്യ നടന്നു. ഈ ഭക്തൻ പിന്നീടു സ്വപരിശ്രമംകൊണ്ട് ഒരു പണക്കാരനായിത്തീർന്നു. മേസ്തിരി എന്ന പേരിലാണ് അദ്ദേഹം അറിയപ്പെട്ടിരുന്നത് ശ്രീനാരായണഗുരു പ്രത്യക്ഷ ദൈവമായിരുന്നു മേസ്തിരിക്ക്. തനിക്കു വന്നുചേർന്ന സകല ശ്രേയസ്സും ഗുരുകാരുണ്യം കൊണ്ടുണ്ടായതാണെന്നായിരുന്നു ഈ ഭക്തന്റെ ഉറച്ചവിശ്വാസം. അദ്ദേഹം അന്തരിച്ചിട്ട് അധികം കാലമായിട്ടില്ല.

വിദ്യാർത്ഥികളുടെ അഭ്യർത്ഥന

ഒരു ദിവസം വിശ്രമ വേളയിൽ വിദ്യാർത്ഥികൾ കൂട്ടമായി സ്വാമിയുടെ അടുത്തേയ്ക്കു വരുന്നതുകണ്ടു. അവരുടെ വക്താവായ ഒരുവൻ ഒരു കടലാസുചുരുൾ കയ്യിൽപ്പിടിച്ചിരുന്നു. കുട്ടികൾക്ക് തന്നോട് എന്തോ പറയാനുണ്ടെന്ന് അവരുടെ വരവുകണ്ടപ്പോൾ സ്വാമിക്കു മനസ്സിലായി. 'ഓ എന്താണ്?' എന്നൊരു ചോദ്യം പുറപ്പെട്ടപ്പോഴേയ്ക്കും, മുമ്പിൽ കടലാസുമായി വന്നവൻ അതു നിവർത്തി വായിച്ചു തുടങ്ങി. അതൊരു അഭ്യർത്ഥനയായിരുന്നു. സ്വാമിയുടെ ആലുവായിലെ വിശ്രമകാലം ചുരുങ്ങിപ്പോകുന്നതുകൊണ്ടു വളരെ സങ്കടം ഉണ്ടെന്നും നിവൃത്തിയുണ്ടെങ്കിൽ ഇവിടെത്തന്നെ സ്ഥിരതാമസമാക്കി അനുഗ്രഹിക്കണമെന്നും മറ്റുമായിരുന്നു അതിന്റെ ചുരുക്കം. ചെറിയ ഒരു പുഞ്ചിരിയോടും വാത്സല്യം തുളുമ്പുന്ന മുഖഭാവത്തോടും അതു കേട്ടുകഴിഞ്ഞപ്പോൾ "കൊള്ളാമല്ലോ, ഇനിപോകാം" എന്നുമാത്രം പറഞ്ഞ് അദ്ദേഹം കുട്ടികളെ പിരിഞ്ഞുപോകാൻ അനുമതി നൽകി. ഈ അഭ്യർത്ഥനയുടെ പിന്നിൽ ചില അധ്യാപകരുടെ പ്രേരണയുണ്ടെന്നു സ്വാമി എങ്ങനെയോ ഊഹിച്ചു. അതു വാസ്തവമായിരുന്നു താനും. അഭ്യർത്ഥന എഴുതി കൊടുത്തതു ഞാനാണ്. "തൃപ്പാദങ്ങളുടെ നിരന്തരസാന്നിദ്ധ്യം കൊണ്ട് ഇവിടം പവിത്രീകൃതമാക്കിച്ചെയ്യണം" എന്നോ മറ്റോ ഒരു വാചകം അതിലുണ്ടായിരുന്നു. അന്നു വൈകുന്നേരം ആശ്രമത്തിൽച്ചെന്നപ്പോൾ സ്വാമി എന്നോട് ആദ്യം ചോദിച്ച ചോദ്യം ഇതാണ്. "പവിത്രീകൃതമാക്കിച്ചെയ്യണമെന്നുവേണോ? പവിത്രീകൃതമാക്കിയാൽപ്പോരേ, പിന്നെ ചെയ്യലെന്തിന്?" ഞാൻ ആകപ്പാടെ ഒന്നമ്പരന്നു. അഭ്യർത്ഥന എഴുതിക്കൊടുത്തതു ഞാനാണെന്നു സ്വാമി എങ്ങനെ അറിഞ്ഞുവെന്നതിലത്ഭുതം, (സാധാരണ ഇത്തരം വർത്തമാനങ്ങൾ അദ്ദേഹത്തിന്റെ അടുത്തുചെന്നറിയിക്കാൻ ആരും ധൈര്യപ്പെടാറില്ല.) തെറ്റുപറ്റിയതിൽ സങ്കോചം, ഇങ്ങനെ വിവിധവികാരങ്ങളോടെ ഞാൻ, "കൃതമാക്കണമെന്നുള്ളതു ചെയ്യണമെന്നാക്കി, സ്വാമി, തെറ്റുപറ്റിപ്പോയി" എന്നു കൈകൂപ്പി അറിയിച്ചു. എന്നിൽ വല്ല അഹംഭാവവുമുണ്ടായിരുന്നെങ്കിൽ അതിന്റെ തലയ്ക്കുള്ള കിഴുക്ക് കിട്ടിയെന്ന് അപ്പോൾ അനുഭവപ്പെട്ടു.

നർമ്മബോധം

വേദാന്തചിന്താനിരതനായിരുന്നെങ്കിലും ശ്രീനാരായണഗുരു നല്ല നർമ്മബോധമുള്ള സഹൃദയനായിരുന്നു. ഗൗരവസംവലിതമായ സ്വരത്തിലും ഭാഷയിലും ദുർല്ലഭം ചില സന്ദർഭങ്ങളിൽ മാത്രമേ അതു പ്രകടമാകുകയുള്ളൂ. ഒരു ദിവസം ഞാൻ സ്വാമിയുടെ അടുത്തു നിൽക്കുമ്പോൾ സായിപ്പിനെപ്പോലെ തൊപ്പിപ്പാന്റുധാരിയായ ഒരാൾ അദ്ദേഹത്തെ കാണാൻവന്നു. അല്പം അകലെവച്ചുതന്നെ തലയിലെ ഹാറ്റെടുത്തു കക്ഷത്തിലാക്കിക്കൊണ്ട് അയാൾ അടുത്തുവന്നു താണുതൊഴുതു. വടക്കേ മലബാറിൽ നിന്നാണ് ഈ നാടൻസായ്പിന്റെ വരവ്. അദ്ദേഹം ചില കാര്യങ്ങളെപ്പറ്റി കുറേനേരം സംസാരിച്ചതിനുശേഷം അയാൾ യാത്രാനുമതിവാങ്ങി പിരിഞ്ഞു. അപ്പോൾ എന്നെനോക്കി സ്വാമി പറയുകയാണ്: "പാവം ആ വേഷത്തിൽ കാലുകളും ശരിക്കുണ്ടെന്നറിയാം. ഇല്ലയോ?"—പൊട്ടിപ്പുറപ്പെട്ട ചിരി വിഷമിച്ചടക്കിപ്പിടിച്ചു കൊണ്ടു ഞാൻ മിണ്ടാതെ നിന്നു "മുണ്ടുടുത്താൽ കാലുകളും കവരപോലെ വേർതിരിച്ചു കാണാൻപറ്റില്ലല്ലോ" എന്നൊരു വിശദീകരണവും അതെത്തുടർന്നുണ്ടായി. 'പാവം' എന്ന ആ രണ്ടക്ഷരത്തിൽ എത്ര ധ്വനിയുണ്ടെന്നു നോക്കൂ. ഈ വാക്ക് സംഭാഷണത്തിൽ സ്വാമി പലപ്പോഴും ഉപയോഗിക്കാറുണ്ട്. ഈഴവസമുദായം മതംമാറാൻ പോകുന്നെന്നൊരുവാർത്ത ഒരു കാലത്തു കേരളം മുഴുവൻ മാറ്റൊലിക്കൊണ്ടിരുന്നല്ലോ. അന്നൊരിക്കൽ ഒരു മിഷണറിസായ്പ് മദാമ്മയും കുട്ടികളുമൊത്ത് ഒരു കാറിൽ വന്നിറങ്ങി. സ്വാമി ദർശനത്തിനുവന്നിരിക്കയാണവർ. കൂട്ടത്തിൽ തന്റെ കൈവശമുള്ള മതവിശേഷത്തിന്റെ വിശിഷ്ടതയെക്കുറിച്ചു സ്വാമിയെ ധരിപ്പിക്കലും സായ്പിന്റെ ഉദ്ദേശമായിരുന്നു. ദ്വിഭാഷിയുടെ സഹായത്തോടെ ക്രിസ്തുമതമാഹാത്മ്യത്തെപ്പറ്റി കുറെയൊക്കെ പറഞ്ഞ് കേൾപ്പിച്ചതിനുശേഷം സായ്പ് ബൈബിളിന്റെ ഏതാനും പ്രതികളും സ്വാമിക്കു കാഴ്ചവച്ചു. എല്ലാം കഴിഞ്ഞ് അവർ പോയപ്പോൾ, ആ സന്ദർശനത്തെപ്പറ്റി സ്വാമി എന്തു പറയുന്നുവെന്നു കേൾപ്പാൻ ഞങ്ങൾ ചെവി വട്ടംപിടിച്ചു നിൽക്കുകയായിരുന്നു. എന്താണ് പറഞ്ഞതെന്നോ? അനുകമ്പാർദ്രമായ സ്വരത്തിൽ "പാവങ്ങൾ" എന്നുമാത്രം! അപഗ്രഥിച്ചുനോക്കിയാൽ ഈ വാഗ് ഗുളികയിലും കാണാം രസവത്തായ അർത്ഥവിശേഷങ്ങൾ.

കാറിന്റെ ചീറ്റലും നാറ്റവും

കേരളത്തിലെ പല സ്ഥലങ്ങളിലും സഞ്ചരിച്ചുകൊണ്ടിരുന്ന സ്വാമിക്കു യാത്രാസൗകര്യത്തിനായി ഒരു കാർ വാങ്ങണമെന്നു ശിഷ്യസംഘം തീരുമാനിച്ചു. കാറിൽ യാത്രചെയ്യുക അദ്ദേഹത്തിന് അത്ര ഇഷ്ടമല്ലായിരുന്നു. ഒരു പുതിയ കാർ വാങ്ങിയെങ്കിലും വളരെ ചുരുക്കമായിട്ടേ സ്വാമി അതിൽ സഞ്ചരിച്ചുള്ളൂ. ഒരു ദിവസം അദ്ദേഹം എങ്ങോട്ടോ യാത്രയായി നിൽക്കുകയായിരുന്നു. ഉടനെ ഡ്രൈവർ കാർ കൊണ്ടുവന്നു. അതിൽനിന്നു പുറപ്പെട്ട പുകയും ശബ്ദവും സ്വാമിക്കൊരു ശല്യമായിത്തോന്നി. അടുത്തുണ്ടായിരുന്ന എന്നെ നോക്കി അദ്ദേഹം പറഞ്ഞു. "ഇതൊരു ജന്തുവിനെപ്പോലെയിരിക്കുന്നു; ഇല്ലയോ? ചീറ്റലും നാറ്റവുമെല്ലാം ഉണ്ട്. ഇതു നമുക്കു പറ്റുകയില്ല. അവനേ കൊള്ളാം—ആർക്ക്?" ആ ഉപമയിലെ സാംഗത്യം ആസ്വദിച്ചുകൊണ്ടിരുന്ന ഞാൻ ഒട്ടും വിചാരിക്കാതെ ചോദ്യത്തിലെ 'അവൻ' ആരാണെന്നറിയാതെ വിഷമിച്ചുപോയി. അതുകണ്ട്, "ആ തൊപ്പിക്കാരൻ സായ്പിന്" എന്നു സ്വാമി വാക്യം പൂരിപ്പിച്ചപ്പോഴേ 'അവനെ' പിടികിട്ടിയുള്ളൂ. ഇതുപോലെ എത്രയോ അവസരങ്ങളിൽ ആ ഗുരുവര്യന്റെ നർമ്മരസകലിതമായ മധുര ഭാഷണം കേൾക്കാൻ എനിക്കു ഭാഗ്യമുണ്ടായിട്ടുണ്ട് എല്ലാം ഇപ്പോൾ ഓർമ്മിക്കുന്നില്ല.

അൽപഭാഷണം, അധികമൗനം എന്നതായിരുന്നു സ്വാമിയുടെ സമ്പ്രദായം. അത്യാവശ്യത്തിനു മാത്രമേ അദ്ദേഹം സംസാരിച്ചിരുന്നുള്ളൂ. അധഃകൃതോദ്ധാരണത്തിനായി ലോകരംഗത്തിറങ്ങി പ്രവർത്തിച്ചിരുന്നപ്പോഴും സ്വാമി മഹാമുനിതന്നെയായിരുന്നു. ഉച്ചത്തിലൊരു ശബ്ദം അദ്ദേഹത്തിൽ നിന്ന് ആരും കേട്ടിട്ടുണ്ടെന്നു തോന്നുന്നില്ല. സംഭാഷണവേളയിൽ ശ്രോതാവിന്റെ ബുദ്ധിയളന്നു പരീക്ഷിക്കാനുള്ള ഒരു കൗതുകം കൂടി സ്വാമിക്കുണ്ടായിരുന്നു. 'അല്പാക്ഷരമനേകാർത്ഥം' എന്ന സൂത്രവാക്യലക്ഷണം, അദ്ദേഹത്തിൽ നിന്നു പുറപ്പെട്ടിരുന്ന കൊച്ചുകൊച്ചു വാചകങ്ങളിലും കണ്ടിരുന്നു. 'വാച്യാദതിശയി വ്യംഗ്യം' പലപ്പോഴും ആ വാക്കുകൾക്കു ചമൽക്കാരമുണ്ടാക്കും. അതൊക്കെ ശ്രോതാക്കൾ സ്വയം ഗ്രഹിച്ചുകൊള്ളണം. ആശയം മനസ്സിലാവാതെ ആരെങ്കിലും വിഷമിക്കുന്നതു കണ്ടാൽ, സ്വാമി അൽപമായിട്ടൊരു വിശദീകരണംകൂടി നൽകിയേയ്ക്കും. ഇതാണ് സാധാരണരീതി.

III

ആലുവായിൽ സംസ്കൃതപാഠശാല തുടങ്ങിയപ്പോൾ, സ്വാമിയുടെ അഭിലാഷമനുസരിച്ച് അവിടെ പ്രധാനാധ്യാപകനായി വന്നതു രാമപ്പണിക്കർ എന്നൊരു മഹാപണ്ഡിതനായിരുന്നു. തലശ്ശേരിയാണ് അദ്ദേഹത്തിന്റെ സ്വദേശം. വലിയഗുരുക്കൾ എന്നായിരുന്നു എല്ലാവരും അദ്ദേഹത്തെ വിളിച്ചിരുന്നത്. സർക്കാർ പരീക്ഷകളൊന്നും പാസ്സായിരുന്നില്ലെങ്കിലും പഴയസമ്പ്രദായത്തിൽ ദീർഘകാലം ഗുരുകുലത്തിലിരുന്നു സംസ്കൃതം പഠിച്ചു സാഹിത്യശാഖകളിൽ ദൃഢവ്യുത്പത്തി നേടിയിരുന്നു അദ്ദേഹം. ഞാൻ അധ്യാപകനായിച്ചെന്ന കാലത്തു ഗുരുക്കൾക്കു വയസ്സ് ഏതാണ്ട് നാൽപ്പത്തിയഞ്ച് കഴിഞ്ഞുകാണും. വിദ്യാർത്ഥികളും അധ്യാപകരും ഭയഭക്തിസ്നേഹാദരങ്ങളോടെയാണ് അദ്ദേഹത്തോടു പെരുമാറിയിരുന്നത്. നാട്ടുകാർക്കും വലിയഗുരുക്കളോടു വലിയ ബഹുമതിതന്നെയായിരുന്നു. സ്വാമിപോലും അദ്ദേഹത്തെ ഗുരുക്കൾ എന്നാണ് വിളിച്ചിരുന്നത്. ഗുരുക്കളുടെ പാണ്ഡിത്യത്തിലും അധ്യാപനപാടവത്തിലും സ്വാമിക്കു വലിയ മതിപ്പും തൃപ്തിയും തോന്നിയിരുന്നു. ആലുവായിൽ വരുമ്പോൾ ഗുരുക്കൾ ഗൃഹസ്ഥാശ്രമിയായിരുന്നെങ്കിലും പിന്നീടു കുടുംബബന്ധമെല്ലാം ഉപേക്ഷിച്ച് ഒരു വാനപ്രസ്ഥനായിട്ടാണ് ജീവിതം കഴിഞ്ഞുകൂടിയത്. സ്വന്തമായ ഒരു താത്പര്യവും അദ്ദേഹത്തിനില്ലായിരുന്നു. സ്വാമിയെ അദ്ദേഹം മനസാ ഗുരുവായി വരിച്ചിരുന്നു. നിസ്വാർത്ഥസേവനമെന്ന നിലയിൽ ഗുരുപാദങ്ങളുടെ അഭീഷ്ടാനുസരണം പാഠശാലാഭരണം നടത്തുക എന്നതായിരുന്നു ഗുരുക്കളുടെ അന്നത്തെ ജീവിതലക്ഷ്യം. സ്വാമിയെപ്പറ്റി അദ്ദേഹം സംസ്കൃതത്തിൽ അനേകം പദ്യങ്ങൾ രചിച്ചിട്ടുണ്ട്. ദർശനീയമാണ് ഗുരുക്കളുടെ ആകാരം. നീണ്ടുനിവർന്ന വടിവൊത്തശരീരം; ആറുകെട്ടി പുറകോട്ടിട്ടതലമുടി; വിഭൂതിഭൂഷിതവും വിശാലവുമായ ഫാലസ്ഥലം; ഗൗരവം തുളുമ്പുന്ന മുഖഭാവം; ശാന്തിയും സ്നേഹവും നിറഞ്ഞനോട്ടം. പുതിയ പരിഷ്കാരമൊന്നും അദ്ദേഹത്തിന്റെ വേഷത്തെ ബാധിച്ചിരുന്നില്ല. ഒരു ഷർട്ടുപോലും ധരിക്കുന്നതു ഗുരുക്കൾക്കിഷ്ടമില്ലായിരുന്നു. നേർമ്മയുള്ള രണ്ടുവെള്ളവസ്ത്രംമാത്രം—ഒന്നുടുക്കാനും മറ്റേതു മേൽമറയ്ക്കാനും. തലേദിവസം തന്നെത്താൻ അടിച്ചു നനച്ചുണക്കിയ ശുഭ്രവസ്ത്രങ്ങൾമാത്രമേ അദ്ദേഹം രാവിലെ കുളികഴിഞ്ഞുപയോഗിച്ചിരുന്നുള്ളൂ. ബ്രാഹ്മമുഹൂർത്തത്തിൽതന്നെ ഉണരും. അപ്പോൾത്തന്നെ ഹോസ്റ്റലിലെ വിദ്യാർത്ഥികളെ മണിയടിച്ചുണർത്തും; സ്നാനാദികർമ്മങ്ങൾ കഴിഞ്ഞ് ആറുമണിയാകുമ്പോഴേയ്ക്കും ഓരോരുത്തരും ശ്ലോകംചൊല്ലിത്തുടങ്ങണം—ഇതായിരുന്നു ഗുരുക്കളുടെ ദിനചര്യ. തനിക്കു കിട്ടുന്ന തുച്ഛമായ ശമ്പളത്തിൽനിന്നു മിച്ചംവെച്ച് അദ്ദേഹം ചില ദരിദ്രവിദ്യാർത്ഥികളെ സഹായിച്ചിരുന്നു. ഇവിടെനിന്നു ശാസ്ത്രിപരീക്ഷ പാസ്സായതിനുശേഷം തിരുവനന്തപുരത്തു സംസ്കൃതകോളേജിൽച്ചേർന്ന് അഞ്ചുകൊല്ലം പഠിച്ചു മഹോപാധ്യായപരീക്ഷ പാസ്സാകുന്നതുവരെയും അന്നവസ്ത്രാദിയും സകലചെലവും കൊടുത്തു് അദ്ദേഹം ഒരു വിദ്യാർത്ഥിയെ സഹായിക്കുകയുണ്ടായി.

അധ്യാപകരുടെ കൂട്ടത്തിൽ എന്തുകൊണ്ടോ, എന്നോടു ഗുരുക്കൾക്ക് പ്രത്യേകിച്ചൊരു മമത തോന്നിയിരുന്നു. ഞാനാകട്ടെ അദ്ദേഹത്തെ ഗുരുവായിട്ടാണ് സങ്കൽപ്പിച്ചിരുന്നത്. കുറെനാൾ കഴിഞ്ഞപ്പോൾ ഈ സങ്കൽപം യാഥാർത്ഥ്യമായിത്തീരുകയും ചെയ്തു. അദ്ദേഹത്തിന്റെ അടുക്കൽ നിന്നു സംസ്കൃതവ്യാകരണം പഠിക്കാൻ എനിക്കു സൗകര്യം ലഭിച്ചു. പക്ഷേ, കഷ്ടകാലത്തിന്, ആ പഠനം ഒരു മാസത്തിലധികം നീണ്ടുനിന്നില്ല. എന്തോ ചില അസൗകര്യങ്ങൾ അതിനിടയ്ക്കു നേരിട്ടു. ഈ മുടക്കം തീർക്കാൻ പിന്നീടൊരിക്കലും എനിക്ക് അവസരം ലഭിച്ചതുമില്ല. അങ്ങനെ മറ്റു പല വിഷയങ്ങളിലുമെന്നപോലെ വ്യാകരണത്തിലും ഞാൻ ഇപ്പോഴും ഒരു തീർത്ഥകാകൻ മാത്രമാണ്. പഠിത്തം തുടങ്ങിയ ദിവസം ഇന്നും ഓർമ്മയിൽ തങ്ങി നിൽക്കുന്നു. ലഘുസിദ്ധാന്തകൗമുദിയും ഒരു നോട്ടുബുക്കുമായി മുമ്പിൽച്ചെന്നിരുന്നപ്പോൾ ഗുരുനാഥൻ ആദ്യം ചൊല്ലിത്തന്നത് ഒരു മംഗളശ്ലോകമാണ്.

> “രാസവിലാസവിലോലം
> ഭജത മുരാരേർമനോരമം രൂപം
> പ്രകൃതിഷു യത് പ്രത്യയവത്
> പ്രത്യേകം ഗോപികാസു സമ്മിളിതം”

നാരായണഭട്ടതിരിയുടെ പ്രക്രിയാസർവ്വസ്വം എന്ന വ്യാകരണഗ്രന്ഥത്തിലെ ഈ ശ്ലോകം അതിലെ കാവ്യരസംകൊണ്ടായിരിക്കാം സഹൃദയനായ ഗുരുക്കളെ കൂടുതൽ ആകർഷിച്ചത്. ശ്ലോകം ഞാൻ ആദ്യമായിട്ടു കേൾക്കുകയാണ്. അത് എഴുതിയെടുക്കാൻ അദ്ദേഹം എന്നോടാവശ്യപ്പെട്ടു. ഒരു കുട്ടിക്ക് പറഞ്ഞുകൊടുക്കുന്നതുപോലെ ഓരോവരിയും സാവധാനം അദ്ദേഹം ചൊല്ലിത്തന്നു. ഞാൻ എഴുതി. മൂന്നുതവണ അതു ചൊല്ലാൻ പറഞ്ഞു. ഞാൻ ചൊല്ലി. ഇത്രയും കഴിഞ്ഞാണ് വ്യാകരണപാഠമാരംഭിച്ചത്. ആ വിദ്യാരംഭത്തിനുശേഷം ഏകദേശം നാൽപ്പത്തിയഞ്ചുവർഷം കഴിഞ്ഞിരിക്കുന്നു. ഇന്നും ആ ശ്ലോകം എന്റെ മനസ്സിൽനിന്നു മാഞ്ഞുപോയിട്ടില്ല.

ആത്മാനന്ദസ്വാമി

1925-ൽ ഗുരുക്കൾ അധ്യാപകവൃത്തിയിൽനിന്നു വിരമിച്ചു സ്വാമിയുടെ അനുഗ്രഹത്തോടെ സന്ന്യാസം സ്വീകരിച്ചു. സന്ന്യാസിയായതോടെ ഗുരുക്കളുടെ പേരുമാറി. ആത്മാനന്ദസ്വാമി എന്നായി. തന്റെ ശിഷ്യന്മാരിൽ ചുരുക്കം ചിലർക്കു മാത്രമേ ശ്രീനാരായണഗുരു നേരിട്ടു കാഷായവും കൊടുത്തു സന്ന്യസിക്കാൻ അനുമതി നൽകിയിട്ടുള്ളൂ. അവരിലൊരാളാണ് ആത്മാനന്ദസ്വാമി. ഒരു ജോലിയും ചെയ്യാതെ ഉദരംഭരണാർത്ഥം കാഷായാംബരധാരികളായി നടക്കുന്നവരെപ്പറ്റി വലിയ പുച്ഛമായിരുന്നു ശ്രീനാരായണഗുരുവിന്. അദ്ദേഹം തന്നെ വളരെക്കാലത്തോളം വെള്ളവസ്ത്രമാണ് ധരിച്ചിരുന്നത്. ഗുരുക്കൾ സ്കൂളിനോടു യാത്രപറഞ്ഞപ്പോൾ ഞാൻ പൊട്ടിക്കരഞ്ഞുപോയി. എന്നെ പ്രത്യേകം വിളിച്ചു തലയിൽ തലോടിക്കൊണ്ട് അദ്ദേഹം കുറേ ആശ്വാസവാക്കുകൾ പറയുകയുണ്ടായി. യാത്രപറയൽ ഒരു ചെറിയ മരണമാണെന്ന് ഓസ്കാർവൈൽഡ് പറഞ്ഞിട്ടുണ്ട്. അതിന്റെ പൊരുൾ അന്നാണ് എനിക്കനുഭവപ്പെട്ടത് ആത്മാനന്ദസ്വാമിയായതിനുശേഷം അദ്ദേഹം ഗുരുനിർദ്ദേശമനുസരിച്ചു നേരേപ്പോയതു കാഞ്ചീപുരത്തുള്ള ശ്രീനാരായണ സേവാശ്രമത്തിലേയ്ക്കാണ്. അവിടത്തെ മഠാധിപതിയെന്ന നിലയിൽ അദ്ദേഹം ഇന്നും ജനസേവനമനുഷ്ഠിച്ചുകൊണ്ടിരിക്കുന്നു. വയസ്സിപ്പോൾ തൊണ്ണൂറ്റിയഞ്ചോളം ആയിട്ടുണ്ടാകും. നല്ല ആരോഗ്യം; പല്ലിനു യാതൊരുകേടും പറ്റിയിട്ടില്ല. നല്ലൊരു വൈദ്യനുമാണ് ആത്മാനന്ദസ്വാമി. ആശ്രമത്തോടനുബന്ധിച്ച് ഒന്നാംതരമൊരു ഔഷധശാലയും ചികിത്സാ കേന്ദ്രവും സ്ഥാപിതമായിട്ടുണ്ട്. ധാരാളം രോഗികൾ അവിടെ ചികിത്സയ്ക്കു ചെല്ലുന്നു. തമിഴ്നാട്ടിലാണ് സ്വാമിക്കിപ്പോൾ കൂടുതൽ പ്രസിദ്ധിയും പ്രശസ്തിയും. ഇവിടെനിന്നു പോയതിനുശേഷം രണ്ടോ മൂന്നോ തവണയേ അദ്ദേഹം കേരളം സന്ദർശിച്ചിട്ടുള്ളൂ. മലയാളഭാഷ മറന്നിട്ടില്ലെങ്കിലും തമിഴിലാണ് ഇപ്പോൾ സാധാരണ സംസാരിക്കുക. അഞ്ചുവർഷംമുമ്പു ഞാൻ കാഞ്ചീപുരത്തുചെന്നു സ്വാമിയെക്കണ്ടു വന്ദിക്കുകയുണ്ടായി. പഴയ ശിഷ്യനോടുള്ള വാത്സല്യം അന്നും അദ്ദേഹം എന്റെമേൽ ചൊരിഞ്ഞു. കൊല്ലംതോറും കുറേ ദിവസം അവിടെച്ചെന്നു താമസിക്കാൻ അദ്ദേഹം ക്ഷണിക്കാറുണ്ട്. ദീർഘയാത്രയിലുള്ള മടികൊണ്ട് ഞാൻ ഒഴിഞ്ഞുമാറുകയാണ് പതിവ്. ശ്രീനാരായണഗുരുവിന്റെ സന്ന്യാസ ശിഷ്യന്മാരിൽ എല്ലാംകൊണ്ടും പ്രഥമ ഗണനീയൻ ആത്മാനന്ദസ്വാമിയാണെന്നു പറയാം. ദീനജനസേവനംകൊണ്ടു സ്വജീവിതം ധന്യമാക്കിയിട്ടുള്ള ഒരു മഹാത്മാവാണ് അദ്ദേഹം.

ഒരു തിരഞ്ഞെടുപ്പിന്റെ കഥ

ആത്മാനന്ദസ്വാമിയെ വിട്ട് ഇനി നമുക്കു പരമഗുരുസന്നിധാനത്തിലേയ്ക്കുതന്നെ തിരിച്ചുവരാം. ജനങ്ങളെ സ്വൈരമായി ജീവിക്കാൻ സമ്മതിക്കാത്തൊരേർപ്പാടാണ് തിരഞ്ഞെടുപ്പ് എന്നായിരുന്നു ശ്രീനാരായണഗുരുവിന്റെ അഭിപ്രായം. തിരഞ്ഞെടുപ്പുകാലത്തെ വോട്ടുപിടുത്തവും ബഹളവും അദ്ദേഹത്തിനു വലിയ ശല്യമായിത്തോന്നിയിരുന്നു. ഒരിക്കൽ ചേർത്തലനിന്ന് ഒരേ നിയോജകമണ്ഡലത്തിലെ രണ്ടു സ്ഥാനാർത്ഥികൾ ആലുവായിലെത്തി. രണ്ടുപേർക്കും സ്വാമിയുടെ അനുഗ്രഹവും ആനുകൂല്യവും വേണം! വാക്കാൽമാത്രം പോരാ; രേഖപ്പെടുത്തിക്കിട്ടണം! അതിലുള്ള പരസ്പരവൈരുദ്ധ്യവും അർത്ഥമില്ലായ്മയും ഔചിത്യബോധമില്ലാത്ത സ്ഥാനാർത്ഥികൾ മനസ്സിലാക്കുന്നേ ഇല്ല. ഒരാൾ വന്നുപോയതിനുശേഷമാണ് എതിരാളിയുടെ വരവ്. ഇരുകൂട്ടരോടും സ്വാമി എന്തു പറഞ്ഞുവെന്നറിഞ്ഞുകൂടാ. രണ്ടാമൻ വന്നുപോയപ്പോൾ, അടുത്തുനിന്നവരോട് അദ്ദേഹം പറയുകയാണ്: "കഷ്ടമായിപ്പോയല്ലോ, ഇത് ആരേർപ്പെടുത്തി" എന്ന്. മനുഷ്യരെ വലയ്ക്കുന്ന വോട്ടെടുപ്പുസമ്പ്രദായത്തോടു സ്വാമിക്കുണ്ടായിരുന്ന മനോഭാവം വെളിപ്പെടുത്താനാണ് ഇത്രയും ഇവിടെ കുറിച്ചത്. തിരഞ്ഞെടുപ്പിന്റെ കഥ മറ്റൊന്നാണ്. ആലുവായിലെ ഒരു മുനിസിപ്പൽ തിരഞ്ഞെടുപ്പിലാണ് അതു നടന്നത്. അന്നേയ്ക്കു വലിയഗുരുക്കൾ ആത്മാനന്ദസ്വാമിയായി ആലുവാ വിട്ടിരുന്നു. പകരം വന്ന പുതിയ ഹെഡ്മാസ്റ്ററുടെ ഭരണകാലം—മുനിസിപ്പൽചെയർമാൻ സ്ഥാനത്തേയ്ക്കു വളരെ വാശിപിടിച്ച മത്സരം നടക്കുകയാണ്. സ്വാമിക്കു പണ്ടേ പ്രത്യേകതാൽപര്യം തോന്നിയിട്ടുള്ള ഖാൻ സാഹേബ് കാദർപിള്ളയാണ് ഒരു സ്ഥാനാർത്ഥി. അദ്ദേഹം ആലുവായിലെ പൊതുജനപ്രിയനായ പൗരപ്രമാണിയും ധനാഢ്യനുമാണ്. അന്യസ്ഥലത്തുനിന്ന് ഇവിടെ വന്നു താമസമാക്കിയ ഒരു തോട്ടമുടമസ്ഥനായ കൊച്ചുമൻ മുതലാളി എതിരാളിയും. രണ്ടുപേരും അവനവന്റെ കക്ഷിയിൽപ്പെട്ടവരെ കൗൺസിലർമാരാക്കാൻ വമ്പിച്ചശ്രമം നടത്തിയിരുന്നു. മുതലാളിയുടെ ഏജന്റുമാർ നോട്ടുകെട്ടുമായിട്ടാണ് വോട്ടർമാരെ തേടിനടക്കുന്നതെന്നൊരു ശ്രുതിയും പരക്കാതിരുന്നില്ല. സംസ്കൃതപാഠശാലയിലെ അധ്യാപകർക്ക്, ഏഴോ എട്ടോ വോട്ടുണ്ട്. അവരെല്ലാവരും നേരത്തേ കാദർപിള്ളയ്ക്കു വാഗ്ദാനം ചെയ്തുകഴിഞ്ഞിരുന്നു. ഈ വോട്ടെല്ലാം പിടിച്ചെടുക്കാൻ കൊച്ചുമൻ മുതലാളി ഒരു പണിപറ്റിച്ചു. ബോധാനന്ദസ്വാമി, കുമാരൻവക്കീൽ (ഇദ്ദേഹം പിന്നീട് ജഡ്ജിയായി) തുടങ്ങിയ ചില ഈഴവസമുദായ നേതാക്കളെ വോട്ടു നടക്കുന്നതിന്റെ തലേദിവസം തന്നെ ആലുവായിൽ കൊണ്ടുവന്നു പാർപ്പിച്ചു. സ്വാമി അന്ന് ഇവിടെ വിശ്രമിക്കുകയാണ്. അദ്ദേഹം ഈ വക ഗൂഢശ്രമങ്ങളൊന്നും അറിയുന്നേ ഇല്ല. അന്നു രാത്രി നേതാക്കളെല്ലാവരും അധ്യാപകരെ രഹസ്യമായി വിളിച്ചുവരുത്തി മുതലാളിക്കുവേണ്ടി സമ്മർദ്ദം ചെലുത്താൻ തുടങ്ങി. വാഗ്ദാനലംഘനത്തിനാവശ്യപ്പെടുന്നത് ഒരിക്കലും ശരിയല്ലെന്നു ഞാൻ തുറന്നു പറഞ്ഞു. എന്നെ സംബന്ധിച്ചിടത്തോളം ശ്രമം ഫലിക്കുകയില്ലെന്നു നേതാക്കൾക്കു നേരത്തെ അറിയാമായിരുന്നു. എങ്കിലും ഒന്നു പറഞ്ഞുനോക്കിയെന്നേയുള്ളൂ. എന്നാൽ, സമുദായാംഗങ്ങളായ മറ്റധ്യാപകർ ധർമ്മസങ്കടത്തിലായി. എല്ലാവരും ഒരുമിച്ചാലോചിച്ച് ഇതിനൊരു പോംവഴി കണ്ടുപിടിച്ചു. ആ രാത്രിതന്നെ ഞാൻ കാദർപിള്ളയുടെ വസതിയിൽച്ചെന്നു. സംസ്കൃതസ്കൂളിലെ വോട്ടെല്ലാം മറിഞ്ഞുപോയി എന്ന് ആരോ പറഞ്ഞുകേട്ടു ദുഃഖിച്ച് പരിഭ്രാന്തനായി ഉറക്കമില്ലാതിരിക്കുകയാണ്. എന്നെ കണ്ടയുടനെ "എന്റെ പിള്ളേ, ഇനി എന്താണൊരു വഴി?" എന്നൊരു ചോദ്യം. "അതിരാവിലെ ആശ്രമത്തിൽച്ചെന്നു സ്വാമിയെ കണ്ടു സങ്കടം പറയൂ. എല്ലാം നേരെയാകും" എന്നു ഞാൻ ഉപദേശിച്ചു. ഉള്ളിൽത്തട്ടിയ സങ്കടമുണ്ടെന്നു സ്വാമിക്കു ബോദ്ധ്യമാകണമെന്നുകൂടി പറഞ്ഞു. പിറ്റേദിവസം പ്രഭാതത്തിൽ ഞങ്ങളെല്ലാവരും കാദർപിള്ളയുടെ വരവുംകാത്ത് ആശ്രമവളപ്പിൽ കൂട്ടംകൂടി നിൽക്കുകയാണ്. സ്വാമി പുഴവക്കിലുള്ള മാവിന്റെ ചുവട്ടിലിരിക്കുന്നു. കുറേ കഴിഞ്ഞപ്പോൾ പിള്ളയുടെ വരവായി. സ്വാമിയുടെ അടുത്തെത്തിയപ്പോഴേയ്ക്കും ഭാവി മുനിസിപ്പൽ ചെയർമാൻ, തോളിൽ കിടന്ന രണ്ടാംമുണ്ടെടുത്ത് അരയിൽച്ചുറ്റി ഭക്തിപൂർവ്വം താണുതൊഴുതു. അത്ഭുതമെന്നു പറയട്ടെ, തൊഴുതു നിവർന്നതോടെ ഒറ്റക്കരച്ചിൽ! കണ്ണീരങ്ങനെ ഒഴുകുന്നു. "ഓ, എന്തുപറ്റി" സ്വാമി ചോദ്യം തുടർന്നപ്പോൾ "എന്നെ ഈ പുഴയിലേയ്ക്കു തള്ളിയിട്ടേര, സ്വാമി; എനിക്കിനി ജീവിച്ചിരിക്കണമെന്നില്ല" എന്നു തൊണ്ടയിടറിക്കൊണ്ടുള്ള മറുപടി. ഇതെന്തുകഥ എന്നമട്ടിൽ സ്വാമി വീണ്ടും ചോദിച്ചപ്പോൾ കാദർപിള്ള ഒട്ടാശ്വാസപ്പെട്ടു കാര്യങ്ങൾ വിവരിച്ചുപറഞ്ഞു. നല്ലൊരു നാടകരംഗമായിരുന്നു അത്. ചേർത്തലക്കാർ വോട്ടുപിടുത്തവുമായി വന്നപ്പോളുണ്ടായ ചിന്ത ഈ സന്ദർഭത്തിലും സ്വാമിയുടെ മനസ്സിൽ പൊന്തിവന്നിരിക്കണം. "അധ്യാപകർ വാക്കുതന്നിട്ടുണ്ടോ?" എന്ന് അദ്ദേഹം എടുത്തുചോദിച്ചു. "ഉണ്ട് സ്വാമി, അവരെ വിളിച്ചു ചോദിച്ചാലറിയാം," എന്നായി പിള്ള. ഉടനെ "അവരെ വിളിക്കട്ടെ" എന്നാജ്ഞ പുറപ്പെട്ടു. ഈ വിളിയും പ്രതീക്ഷിച്ചു അവർ കുറച്ചകലെ മാറിനിൽക്കുന്നുണ്ടായിരുന്നു. എല്ലാവരും അടുത്തുചെന്നു തങ്ങൾ വാഗ്ദാനം ചെയ്തിട്ടുള്ള വിവരം അറിയിച്ചു. "അങ്ങനെയാണെങ്കിൽ കാദർപിള്ളയ്ക്കുതന്നെ വോട്ടു ചെയ്യണം; വാക്കുമാറ്റാമോ?" എന്നു വിധിയുണ്ടായി. ഇങ്ങനെ ആ രംഗം അവസാനിച്ചു. കാദർപിള്ള സന്തോഷഭരിതനായി തൊഴുതു യാത്രപറഞ്ഞു. ഈ വാർത്ത പരന്നതോടെ നേതാക്കളെല്ലാം സ്വാമിയെ കാണാതെതന്നെ സ്ഥലംവിട്ടു. അത്തവണ കാദർപിള്ളയുടെ കക്ഷിക്കു നിഷ്പ്രയാസം ഭൂരിപക്ഷം ലഭിക്കുകയും അദ്ദേഹം ചെയർമാനാവുകയും ചെയ്തു.

ആപണികാശനം

ഒരു ദിവസം പലതും സംസാരിച്ച കൂട്ടത്തിൽ സ്വാമി എന്നോടു ചോദിച്ചു. എവിടെനിന്നാണ് ഊണുകഴിക്കുന്നതെന്ന്. ഹോട്ടലിൽനിന്നാണെന്നു ഞാൻ പറഞ്ഞു. "എത്രയോ പേർക്ക് ഒന്നിച്ചു തയ്യാറാക്കുന്ന ചോറിൽ വല്ല പുഴുവോ പ്രാണിയോ ചത്തുകിടക്കുന്നതു കണ്ടാൽ ഹോട്ടൽക്കാർ എന്തുചെയ്യും? അവർ അതെടുത്തുകളഞ്ഞ് ആ ചോറുതന്നെ വിളമ്പുകയില്ലേ? അശുദ്ധമായതു മുഴുവൻ ഉപേക്ഷിച്ചു വേറെ ചോറുണ്ടാക്കിത്തരുമോ?" സ്വാമിയുടെ ഈ ചോദ്യങ്ങൾക്കു ഞാൻ ഒന്നുമിണ്ടാതെ നിന്നു. എന്നെക്കൊണ്ട് ഉത്തരംപറയിപ്പിക്കണമെന്നു കരുതിയാണെന്നു തോന്നുന്നു, അദ്ദേഹം അതിന്മേൽ പിടിച്ചുതന്നെ ചോദ്യം തുടർന്നു: "ലാഭത്തിനുവേണ്ടിയുള്ള ചോറ്റുകച്ചവടമല്ലേ? അവർ അറിഞ്ഞുകൊണ്ടു നഷ്ടം സഹിക്കുമോ?" എന്നു വീണ്ടും എടുത്തുചോദിച്ചപ്പോൾ, 'ഇല്ല' എന്നെനിക്കു സമ്മതിക്കേണ്ടിവന്നു. അപ്പോൾ ഹോട്ടലിൽ നിന്നു വിശ്വസിച്ചു ഭക്ഷണം കഴിക്കാൻ വയ്യാ എന്നു പറഞ്ഞുകൊണ്ടു സ്വാമി 'ശത്രുസൂഗ്രണകീർണ്ണ ഗണികാപണികാശനം' എന്ന അഷ്ടാംഗഹൃദയവാക്യം ചൊല്ലി ആപണികാശനം (ഹോട്ടലൂണ്) നിഷിദ്ധമാണെന്നു സമർത്ഥിച്ചു. പിന്നീടു ഹോട്ടലിൽ ഉണ്ണാനിരിക്കുമ്പോഴൊക്കെ ഈ ഗുരൂപദേശം ഞാൻ ഓർമ്മിക്കാറുണ്ട്. പക്ഷേ, എന്തു ചെയ്യാം. ഇക്കാലത്ത് ആപണികാശനം തീരെ വർജ്ജിക്കാൻ ആർക്കെങ്കിലും കഴിയുമോ?

IV

സർവ്വമതസമ്മേളനം


സഹോദരനയ്യപ്പൻ

കൊല്ലംതോറും ശിവരാത്രിയുത്സവകാലത്ത് ആലുവായിൽ വിശ്രമിക്കുക ശ്രീനാരായണഗുരുവിന്റെ ഒരു പതിവാക്കിയിരുന്നു. ശിവക്ഷേത്രസാന്നിധ്യംകൊണ്ടു പ്രസിദ്ധിനേടിയ ആലുവാമണൽപ്പുറത്തിനു നേരെ എതിർവശത്താണ് അദ്വൈതാശ്രമം. ശിവരാത്രിനാളിൽ ആശ്രമമുറ്റത്തിലെ മാവിൻചുവട്ടിലിരുന്നുകൊണ്ടു സ്വാമി മറുകരയിലെ മണൽപ്പുറത്തു തടിച്ചുകൂടുന്ന വമ്പിച്ച ജനസമൂഹത്തെ നോക്കി രസിക്കാറുണ്ട്. ഉറുമ്പുനിരയിട്ടുപോകുന്നതുപോലെ, നാലുഭാഗത്തുനിന്നും അവിടെച്ചെന്നു ചേരുന്ന ജനാവലി, മനോഹരമായ ഒരു ദൃശ്യമാണ്. സന്ധ്യയാകുമ്പോഴേയ്ക്കും ക്ഷേത്രപരിസരം കവിഞ്ഞൊഴുകുന്ന ജനപ്രവാഹം ശിവരാത്രികഴിഞ്ഞു പ്രഭാതം മുതൽ പിരിഞ്ഞുപോകാൻ തുടങ്ങും. "മലവെള്ളം പോലെയാണ് പുരുഷാരം; കേറി വരും അതുപോലെത്തന്നെ ഇറങ്ങിപ്പോകയും ചെയ്യും; അല്ലയോ?" എന്ന് ആ കാഴ്ചകണ്ടു സ്വാമി ഒരിക്കൽ പറയുകയുണ്ടായി. ശിവരാത്രിക്കു വരുന്ന ജനങ്ങളിൽ ഒരു വലിയ വിഭാഗം സ്വാമിദർശനത്തിനായി ആശ്രമത്തിലും വന്നു തിരക്കുകൂട്ടാറുണ്ട്. ഇത്ര വളരെ ജനങ്ങൾ ഒന്നിച്ചുകൂടുന്ന സന്ദർഭം പാഴാക്കാതെ അന്ന് ഒരു സർവ്വമതസമ്മേളനം നടത്തിയാലെന്താണെന്നൊരു ചിന്ത സ്വാമിയുടെ മനസ്സിലുദിച്ചു. അതിന്റെ ഫലമായിട്ടാണ്, ഏതാണ്ട് നാൽപ്പത്തഞ്ചുവർഷംമുമ്പ്, സ്വാമിയുടെ മഹനീയസാന്നിധ്യത്തിൽതന്നെ ആശ്രമത്തിൽവച്ച്, ആദ്യത്തെ സർവ്വമതസമ്മേളനം നടന്നത്. സത്യവ്രതസ്വാമി, സഹോദരനയ്യപ്പൻ, സി. വി. കുഞ്ഞിരാമൻ തുടങ്ങിയ നേതാക്കളായിരുന്നു അതിന്റെ ഭാരവാഹികൾ. ഇത്രയും ഗംഭീരമായൊരു സദസ്സ് അതിനുമുമ്പും പിമ്പും ആലുവാനഗരം കണ്ടിട്ടുണ്ടോ എന്ന സംശയമാണ്. "വാദിക്കാനും ജയിക്കാനും അല്ല, അറിയാനും അറിയിക്കാനുമാണ്" എന്നൊരു മഹാവാക്യം സമ്മേളനപ്പന്തലിന്റെ പ്രവേശനകവാടത്തിൽ എഴുതിവച്ചിരുന്നു. സ്വാമിയുടെ അഭിലാഷമനുസരിച്ചു സഹോദരനയ്യപ്പൻ എഴുതിയതായിരുന്നു ആ വാക്യം. അർത്ഥഗർഭവും അത്യന്തം സന്ദർഭോചിതവും മതപ്രസംഗകർക്കു മാർഗ്ഗദർശകവുമായ ആ സൂക്തരത്നം അന്നു സകലരുടെയും പ്രശംസയ്ക്കു പാത്രമായി. ഒരു ആപ്തവാക്യമെന്ന നിലയിൽ അതിന് അനന്തരകാലത്തു കേരളമൊട്ടാകെ പ്രചാരം സിദ്ധിച്ചിട്ടുണ്ട്. പലതരം പ്രസംഗവേദികളിൽ അത് ഉദ്ധരിക്കാറുണ്ട്. വലിയൊരു വിജയമായിരുന്നു അന്നത്തെ സമ്മേളനം.

> “പലമതസാരവുമേകമെന്നു പാരാ-
> തുലകിലൊരാനയിലന്ധരെന്നപോലെ
> പലവിധയുക്തിപറഞ്ഞു പാമരന്മാ-
> രലയുവതോർത്തലയാതിരുന്നിടേണം.”


സി. വി. കുഞ്ഞിരാമൻ

എന്ന ശ്രീനാരായണസൂക്തി പ്രായോഗികമാക്കാൻ ഇത്തരം സമ്മേളനം നല്ലൊരു ഏർപ്പാടാണെന്ന് എല്ലാവർക്കും ബോധ്യമായി. മദിരാശി ഹൈക്കോർട്ടിലെ ന്യായാധിപനായിരുന്ന ജസ്റ്റിസ് സദാശിവയ്യരായിരുന്നു അധ്യക്ഷൻ. അദ്ദേഹത്തോടൊപ്പം സ്വാമിയും പ്ലാറ്റ്ഫോറത്തിൽ ഉപവിഷ്ടനായിരുന്നു. വിവിധ മതസ്ഥരായ വിഖ്യാത പണ്ഡിതന്മാർ, അതതു മതത്തിന്റെ പ്രാതിനിധ്യം വഹിച്ചുകൊണ്ട്, പരമതാക്ഷേപം ലേശം പോലും പ്രതിഫലിപ്പിക്കാതെ പ്രഗൽഭമായി പ്രസംഗിച്ചു. പ്രസംഗകരിൽ മഞ്ചേരി രാമയ്യരേയും എ. ബി. സേലത്തേയും മാത്രമേ ഞാൻ ഇപ്പോൾ ഓർമ്മിക്കുന്നുള്ളൂ. ഫലിതരസികനായ മഞ്ചേരിയുടെ പ്രസംഗപാടവത്തെപ്പറ്റി പറയേണ്ടതില്ലല്ലോ. ഇടയ്ക്ക്, സന്ദർഭവശാൽ അദ്ദേഹം മലബാറിലെ ചില മാപ്പിളപ്പാട്ടുകൾ താളം പിടിച്ചു പാടി സദസ്യരെ ചിരിപ്പിച്ചത് ഇപ്പോഴും എന്റെ മനസ്സിൽ തങ്ങിനിൽക്കുന്നു. ഫലിതം പ്രയോഗിക്കുന്നതിൽ സേലവും ഒട്ടും പിന്നിലായിരുന്നില്ല. അദ്ദേഹത്തിന്റെ യഹൂദമതപ്രഭാഷണം ശ്രോതാക്കളെ സവിശേഷം ആകർഷിച്ചു. ഇംഗ്ലീഷിൽ പ്രസംഗിച്ചു ശീലിച്ചിട്ടുള്ള സേലത്തിന്റെ മലയാളം കേൾക്കാൻ അവർക്കു പ്രത്യേകിച്ചും കൗതുകംതോന്നി. ഇത്ര ദീർഘനേരം ഭിന്നമതങ്ങളുടെ ഭേരീനാദം മുഴങ്ങിക്കേട്ടുകൊണ്ടിരുന്നിട്ടും യാതൊരു ഭാവഭേദവും കാണിക്കാതെ സ്വാമി നിർവികാരനായി മൗനത്തിലാണ്ടിരിക്കുകയായിരുന്നു.

> “വാദങ്ങൾ ചെവിക്കൊണ്ടും
> മതപ്പോരുകൾ കണ്ടും
> മോദസ്ഥിതനായങ്ങു വസിപ്പൂ
> മലപോലെ”



സദാശിവയ്യർ

എന്ന് ആശാൻ സ്വാമിയെപ്പറ്റി എഴുതിയിട്ടുള്ളത് ആ സന്ദർഭത്തിനു വളരെ യോജിച്ചിരുന്നു. അന്നു തുടങ്ങിവച്ച ഈ സർവ്വമതസമ്മേളനം പിന്നീടു കൊല്ലം തോറും ശിവരാത്രിയോടനുബന്ധിച്ചു നടത്തുവാൻ ആശ്രമാധികാരികൾ ശ്രദ്ധിച്ചുപോരുന്നുണ്ട്. പക്ഷേ, ശ്രീനാരായണഗുരുവിന്റെ മഹനീയ സന്നിധാനംകൊണ്ടു ചൈതന്യവത്തായിരുന്ന ആ പ്രഥമ സമ്മേളനത്തെ അതിശയിക്കുവാൻ ഇതുവരെ ഒന്നിനും കഴിഞ്ഞിട്ടില്ല. പഴയ നേതാക്കന്മാരിൽ സഹോദരൻ മാത്രം അടുത്തകാലംവരെ ആശ്രമത്തിൽ വന്ന സമ്മേളനത്തിൽ സംബന്ധിച്ചിരുന്നു.

നവീന വാല്മീകി

ഒരു കഥാപാത്രമാകാൻ തക്ക സ്വഭാവവിശേഷങ്ങളുള്ള 'വേലു' നാമധാരിയായ ഒരു ക്ഷുരകപ്രമാണി പണ്ട് ആലുവായിലുണ്ടായിരുന്നു. അയാൾ എങ്ങനെയോ ഒരു കൊലക്കേസ്സിൽ കുടുങ്ങി ഏറെക്കാലം തിരുവനന്തപുരം സെൻട്രൽ ജയിലിൽ കഴിച്ചുകൂട്ടി. ഒരിക്കൽ രാജാവിന്റെ തിരുനാൾപ്രമാണിച്ചു കുറേ പുള്ളികളെ വിലങ്ങുവെട്ടിയിട്ട കൂട്ടത്തിൽ ഈ ഭാഗ്യവാനും പുറത്തു പോന്നു. നാട്ടിൽ തിരിച്ചെത്തിയതോടെ അയാളുടെ ജീവിതത്തിനൊട്ടാകെ ഒരു പരിവർത്തനമുണ്ടായി. അദ്വൈതാശ്രമത്തിൽ വന്ന ശ്രീനാരായണഗുരുവിനെ ദർശിച്ച് അയാൾ തന്റെ ജീവിതകഥകളെല്ലാം തുറന്നുപറഞ്ഞു. അതെല്ലാം കേട്ടപ്പോൾ സ്വാമി അയാൾക്കു കൊടുത്ത പേരാണ് വാല്മീകി. രണ്ടു വാല്മീകിമാരിലും ഉണ്ടായ ജീവിതപരിവർത്തനത്തിൽ ചില സാദൃശ്യങ്ങൾ സ്വാമി കണ്ടിരിക്കാം. ഏതായാലും വാല്മീകി എന്ന പേരിലാണ് അയാൾ അറിയപ്പെട്ടിരുന്നത്. വേലുനാമധേയം ക്രമേണ വിസ്മൃതമായി. സ്വാമി ഭക്തന്മാരിൽ എണ്ണപ്പെട്ട ഒരാളായിത്തീർന്നു ഈ നവീന വാല്മീകി. നിരന്തരം നടന്ന സ്വാമി ദർശനം അയാളുടെ ജീവിതക്ഷേത്രത്തിനൊരു ശുദ്ധികലശം തന്നെയായി. നല്ല ബുദ്ധിശക്തിയും കാര്യശേഷിയും അയാൾക്കു പണ്ടേ ഉണ്ടായിരുന്നു. ഞാൻ ആശ്രമസ്കൂളിൽ ചേർന്ന കാലത്തു വാല്മീകിക്കൊരറുപതുവയസ്സു കഴിഞ്ഞുകാണും. പത്രവായനയിൽ മറ്റാരേക്കാളും മുമ്പനാണയാൾ. പൊക്കം കുറഞ്ഞു തടിച്ച ശരീരം, അൽപ്പം കുടവയറ്, കഷണ്ടിത്തല, വട്ടമുഖം, വലിയൊരു മടിക്കുത്ത്, ഇതാണാകാരം. മടിക്കുത്തിലാണ് എല്ലാം കൊണ്ടുനടക്കുക. മടക്കിച്ചുരുട്ടിയ ഒന്നുരണ്ടു പത്രങ്ങൾ, കണ്ണട, പേനാക്കത്തി ഇങ്ങനെ ബഹുവിധസാധനങ്ങൾ അതിനകത്തു കാണാം. ഒരുവടിയും കുത്തിപ്പിടിച്ചാണ് മൂപ്പരുടെ വരവ്. ആശ്രമകാര്യങ്ങൾ, സ്ഥലവിശേഷങ്ങൾ, പത്രവാർത്തകൾ ഇവയെപ്പറ്റിയെല്ലാം മറ്റുള്ളവരുമായി ചർച്ചചെയ്യുക വാല്മീകിക്കൊരു രസമാണ്. എന്തെങ്കിലും തർക്കം വന്നാൽ, താൻ പറയുന്നതാണ് ശരിയെന്നു തെളിയിക്കാൻ മടിയിൽ നിന്നു പത്രച്ചുരുളെടുത്തു നിവർത്തി അയാൾ വായനതുടങ്ങും. സ്വാമിക്കും എന്തോ ഒരു കൗതുകം തോന്നിയിരുന്നു, വാല്മീകിയുടെ വർത്തമാനം കേൾക്കുന്നതിൽ. മറ്റുള്ളവർ സ്വാമിയുടെ അടുത്തുചെന്നു പറയാൻ ധൈര്യപ്പെടാത്ത പല കാര്യങ്ങളും അദ്ദേഹത്തെ അറിയിക്കാൻ അയാൾക്കൊരു കൂസലുമുണ്ടായിരുന്നില്ല. നിഷ്കളങ്കനായ ഈ ഭക്തനു കുറേ സ്വാതന്ത്ര്യം സ്വാമി വകവെച്ചു കൊടുത്തിരുന്നുവെന്നു തോന്നുന്നു.

വാല്മീകിക്കുന്ന്

വേലുവിനെ ശുദ്ധിചെയ്ത് വാല്മീകിയാക്കിയതിനു സ്വാമിക്കു വിലയേറിയ ഒരു ഗുരുദക്ഷിണ ലഭിച്ചു. ആലുവായിൽ നിന്നു രണ്ടുമൈലകലെ, പെരുമ്പാവൂർ റോഡിന്റെ വലതുഭാഗത്തു, തോട്ടം മുഖത്തിനു സമീപം പരപ്പേറിയ നെൽപ്പാടത്തിന്റെ കരയിൽ, വാനംമുട്ടി നിൽക്കുന്ന ഒരു വലിയ കുന്നുണ്ട്. പണ്ട് അവിടെയെങ്ങും ആൾപ്പാർപ്പുപോലും ഇല്ലായിരുന്നുവത്രേ; നമ്മുടെ വാല്മീകി ആ കുന്ന് സ്വന്തംപേരിൽ പതിപ്പിച്ചെടുത്തിരുന്നു. പ്രകൃതിഭംഗിയുടെ കേളീരംഗമായ ആ സ്ഥലം മുഴുവൻ, അയാൾ യാതൊരു പ്രതിഫലവും പറ്റാതെ സ്വാമിയുടെ പേർക്ക് തീറെഴുതിക്കൊടുത്തു. അദ്ദേഹം അതിന് വാല്മീകിക്കുന്ന് എന്ന് പേരിടുകയും ചെയ്തു. വേലുവാല്മീകിക്കുണ്ടായ പരിവർത്തനം അന്നുമുതൽ ആ കുന്നിനും വന്നുചേർന്നു. എത്രയോ ദിവസം സായാഹ്നവേളകളിൽ സ്വാമി ആശ്രമത്തിൽനിന്നു കാൽനടയായി നടന്ന് ആ കുന്നിന്റെ കൊടുമുടികയറി അവിടെ ഒരു വലിയ ശിലാഖണ്ഡത്തിന്മേൽച്ചെന്നിരുന്നിട്ടുണ്ട്. ആകാശവും ഭൂമിയും തമ്മിൽ കൂട്ടിമുട്ടുന്ന ആ സ്ഥലത്തിരുന്ന്, അവിടത്തെ നിതാന്ത നിശ്ശബ്ദതയിൽ അദ്ദേഹം എത്രയോ നേരം ധ്യാനിച്ചിരിക്കാം. ആ കുന്നിന്റെ ഭാവിയെപ്പറ്റി ദീർഘദർശനം ചെയ്തിരിക്കാം. അങ്ങനെ ശ്രീനാരായണഗുരുവിന്റെ ചിരകാലസമ്പർക്കംകൊണ്ടു പരിപാവനമായ 'ഒരേകാന്താദ്വയശാന്തിഭൂവാ'യിത്തീർന്നു വാല്മീകിക്കുന്ന്. സ്വാമി വിശ്രമിച്ചിരുന്ന ആ ശിലാഖണ്ഡം അതേ നിലയിൽ ഇപ്പോഴും അവിടെ കിടപ്പുണ്ട്. പല നല്ല സ്ഥാപനങ്ങളും അവിടെ ഉയർന്നുവരണമെന്നൊരു സങ്കല്പം അദ്ദേഹത്തിനുണ്ടായിരുന്നു. അതിപ്പോൾ യഥാർത്ഥമാകാൻ പോകയാണ്.

ശ്രീനാരായണഗിരി

വാല്മീകിക്കുന്ന് ഇപ്പോൾ ശ്രീനാരായണഗിരിയെന്ന പേരിലാണ് പ്രസിദ്ധിയാർജ്ജിച്ചുകൊണ്ടിരിക്കുന്നത്. സ്വാമിയുടെ സമാധിക്കുശേഷം ഇടക്കാലത്ത് ഈ കുന്നു വേണ്ടത്ര ശ്രദ്ധിക്കപ്പെടാതെ കിടന്നിരുന്നു. ഇക്കാലത്തു വെറുതെ അങ്ങനെയൊരു സ്ഥലംകിടന്നാൽ പാർപ്പിടമില്ലാത്ത ആളുകൾ അതു കയ്യേറാതിരിക്കില്ലല്ലോ. കുറേപേർ കുന്നിനുചുറ്റും കുടിവച്ചു പാർപ്പുതുടങ്ങി. ആ കയ്യേറ്റം തുടർന്നുപോയിരുന്നെങ്കിൽ കുറെനാളുകൊണ്ടു സ്ഥലം മുഴുവൻ അന്യാധീനപ്പെട്ടുപോകുമായിരുന്നു. ഭാഗ്യത്തിന്, ആശ്രമ ഭരണക്കമ്മിറ്റി അന്നത്തെ അദ്ധ്യക്ഷനായിരുന്ന വൈദ്യൻ കെ. ജി. പണിക്കരുടെ (കേരള ഫാർമ്മസി ഉടമസ്ഥൻ) നേതൃത്വത്തിൽ സത്വരനടപടികളെടുത്തു ചിലരെ ഒഴിപ്പിക്കുകയും കുന്നിനുചുറ്റും വേലികെട്ടി അതിർത്തി തിരിച്ച് അവകാശമുറപ്പിക്കുകയും ചെയ്തു. അതോടുകൂടി ഈ ഗിരിപ്രദേശത്തിന്റെ ശനിദശ തീർന്നുവെന്നു പറയാം.

ശ്രീമതി പാർവ്വതിഅയ്യപ്പന്റെ സ്തുത്യർഹമായ നേതൃത്വത്തിൽ സംഘടിതമായ ശ്രീനാരായണസേവികാസമാജത്തിന്റെ പ്രവർത്തനകേന്ദ്രമായിത്തീർന്നിരിക്കയാണ് ഇപ്പോൾ അവിടം. ദീർഘകാലം അധ്യാപനവൃത്തിയിൽ പ്രശസ്തസേവനമനുഷ്ഠിച്ചശേഷം സർക്കാർസർവ്വീസിൽ നിന്നു റിട്ടയർചെയ്ത ശ്രീമതി പാർവ്വതിഅയ്യപ്പൻ, തനിക്കു ന്യായമായി അർഹിക്കാവുന്ന വിശ്രമ സൗഖ്യം ഉപേക്ഷിച്ചു ശ്രീനാരായണഗിരിയിലെ സാമൂഹ്യപ്രവർത്തനങ്ങൾക്കായി ആയുശ്ശേഷം ഉഴിഞ്ഞുവച്ചിരിക്കയാണ്. അനേകലക്ഷം രൂപ ചെലവഴിക്കേണ്ടിവരുന്ന നാനാമുഖമായ ഒരു കർമ്മപദ്ധതിയാണ് അവരുടെ ഭാവനയിൽ രൂപംപൂണ്ടിരിക്കുന്നത്. മഹത്തായ ആ സ്വപ്നം ഫലിച്ചാൽ ശ്രീനാരായണഗിരി ഭാരതത്തിലെ ദർശനീയഭൂഭാഗങ്ങളിലൊന്നായി പ്രശോഭിക്കും. ഒന്നാംതരമൊരു കെട്ടിടം ഇപ്പോൾ അവിടെ പൊന്തിവന്നിരിക്കുന്നു. അതുതന്നെ ഒരത്ഭുതമാണ്. ഒരു നല്ല നടപ്പാതപോലും ഇല്ലാതിരുന്ന ആ സ്ഥലത്തേയ്ക്ക്, കെട്ടിടത്തിനുവേണ്ട സാമഗ്രികളെല്ലാം തലച്ചുമടായി കൊണ്ടുപോകേണ്ടിവന്നു. ഈ കെട്ടിടത്തിൽ സേവികാസമാജം നടത്തുന്ന ലോവർ പ്രൈമറിസ്കൂൾ ചുറ്റുപാടുമുള്ള പലജാതിക്കാരായ പാവപ്പെട്ട കുട്ടികൾക്ക് വലിയൊരനുഗ്രഹമായിട്ടുണ്ട്. ഇതുനാളും പള്ളിക്കൂടം കാണാതെ കാടുകേറി നടന്നിരുന്നവരാണവർ. ഈ സ്കൂളാണ് അവിടെ ആദ്യമായി വിദ്യയുടെ വെളിച്ചം കൊളുത്തിയത്. വിശപ്പിന്റെ സന്താനങ്ങളായ ഈ കുട്ടികൾക്ക് ഉച്ചഭക്ഷണവും അവിടെനിന്നു കിട്ടുന്നുണ്ട്. ശ്രീമതി പാർവ്വതി അയ്യപ്പൻ അവർക്കു പ്രിയപ്പെട്ട അമ്മൂമ്മയായിരിക്കയാണ്. കുട്ടികളുടെ മാതാപിതാക്കളും അവരെ ഒരാശ്വാസകേന്ദ്രമായിക്കരുതുന്നു. അമ്മൂമ്മ ദൂരേനിന്നുവരുന്നതു കാണുമ്പോൾ ആഹ്ലാദഭരിതരായി അവരെ സ്വാഗതം ചെയ്‌വാൻ കുട്ടികൾ കൂട്ടംകൂടി ഓടിവരുന്നതു കൗതുകമുള്ള ഒരു കാഴ്ചയാണ്. ഈ സ്കൂളിലെ അധ്യാപികമാരും അകൃത്രിമമായ മാതൃവാത്സല്യത്തോടെയാണ് കുട്ടികളോടു പെരുമാറുക.

ശ്രീനാരായണഗിരിയിൽ ഇനിയും അനേകം വമ്പിച്ച കെട്ടിടങ്ങൾ ഉയർന്നുവരേണ്ടതുണ്ട് പക്ഷേ, അതെങ്ങനെ സാധിക്കുമെന്നുള്ളതാണ് പ്രവർത്തകരെ അലട്ടിക്കൊണ്ടിരിക്കുന്ന ദുർഘടപ്രശ്നം. കേരളത്തിനകത്തും പുറത്തുമുള്ള ശ്രീനാരായണ ഭക്തന്മാരുടെ ഒരു സംഘടിത യത്നംതന്നെ ഇതിനു വേണ്ടിയിരിക്കുന്നു. എന്തോ ഒരു വശീകരണശക്തി ഈ പ്രദേശത്തിനുണ്ട്. ഇവിടെ വന്നൊന്നുനോക്കിയാൽ, ഹൃദയമുള്ള ഏതൊരു ധനികനും സ്വന്തം പണപ്പെട്ടി തുറക്കാൻ മടിക്കുകയില്ലെന്നാണ് എന്റെ വിശ്വാസം. എത്രയോ തവണ ഞാൻ ഈസ്ഥലത്തു പോയിട്ടുണ്ടെങ്കിലും രണ്ടുതവണ മാത്രമേ ആ ഗിരിമസ്തകത്തിലെത്തിച്ചേരാൻ ക്ഷീണകായനായ എനിക്കു കഴിഞ്ഞിട്ടുള്ളു. അവിടെനിന്നുകൊണ്ടു നാലുപാടും നോക്കിയാൽ കാണുന്ന കാഴ്ച 'കണ്ണിന്നു പുണ്യോത്സവ'മെന്നേ പറയാൻ പറ്റു. അതു വർണ്ണിക്കാനുള്ള വാഗ്വൈഭവം എന്റെ തൂലികയ്ക്കില്ല. 'പടിയാറും കടന്നവിടെച്ചെല്ലുമ്പോൾ ശിവനെക്കാണാം' എന്നൊരു കീർത്തനം കേട്ടിട്ടുണ്ട്. ഇവിടെ പടി ആറല്ല, പത്തുറുപതെങ്കിലും കടക്കണം. അവിടെച്ചെന്നാലോ, ശിവനെക്കണ്ടില്ലെങ്കിലും പ്രകൃതീശ്വരിയുടെ നയനമോഹനമായ ലീലാ വിലാസം കണ്ടു നിർവൃതിയടയാം. അനന്തമായ ആകാശവും വിശാലമായ ചക്രവാളവും പരിസരസൗന്ദര്യവും സ്വർഗ്ഗീയമായൊരനുഭൂതി നമ്മിലുളവാക്കും. വള്ളത്തോൾ ഈ ഗിരി കണ്ടിരുന്നുവെങ്കിൽ, "പ്രകൃതിരമണീയം, ശാന്തഗംഭീരം, ഹാ ഹാ സുകൃതി നിഷേവ്യമേ" എന്നുറക്കെപ്പാടുമായിരുന്നു. ഏകാന്തചിന്ത, മൗനം, ധ്യാനം (അവനവനെപ്പറ്റി ധ്യാനിക്കാമല്ലോ) ഇതിനൊക്കെ ഏറ്റവും പറ്റിയ സ്ഥലം! അവിടെ കുറെനേരം ഇരുന്നാൽ മതി, ഏതു ജീവിതക്ലേശവും വിസ്മരിക്കപ്പെടും. മനസ്സു തനിയേ സ്വസ്ഥമാകും, ശാന്തമാകും, ബുദ്ധിപ്രബുദ്ധമാകും; ജാതിമതാതീതമായ മനുഷ്യത്വം താനേ വികസിച്ചുവരും. ഡൽഹിയിൽ ഷാജഹാൻ ചക്രവർത്തി പണിയിച്ച മഹാസൗധങ്ങളിലൊന്നിൽ "സ്വർഗ്ഗം എന്നൊന്നുണ്ടെങ്കിൽ അത് ഇവിടെയാണ്, ഇവിടെയാണ്" എന്നെഴുതിവച്ചിട്ടുണ്ടുപോൽ. ശ്രീനാരായണഗിരിയെസ്സംബന്ധിച്ചും ഇതു പറയാവുന്നതാണ്. വിശ്വാസം തോന്നാത്തവർ ഇവിടെ വന്നൊന്നു നോക്കട്ടെ.

V

ആശ്രമത്തിലെ ആമ്രതരു

അദ്വൈതാശ്രമത്തിലെ അങ്കണത്തിൽ നദീതീരത്തായി സ്ഥിതി ചെയ്തിരുന്ന ഒരു മാവിനെപ്പറ്റി മുൻലേഖനങ്ങളിൽ യഥാസന്ദർഭം പ്രസ്താവിച്ചിട്ടുണ്ടല്ലോ. ആ മാവ് ഇപ്പോൾ അവിടെ കാണുന്നില്ലെന്ന് അൽപം സങ്കടത്തോടെ പറയേണ്ടിയിരിക്കുന്നു. ഭാഗ്യംചെയ്ത ഒരു മാവായിരുന്നു അത്. പലതുകൊണ്ടും അതു പ്രാധാന്യം അർഹിച്ചിരുന്നു. അതോർക്കാതെയാണെന്നു തോന്നുന്നു ആശ്രമാധികാരികൾ അനന്തരകാലത്ത് അവിടം മതിൽ കെട്ടിയുറപ്പിച്ചപ്പോൾ, അതു വെട്ടിമുറിച്ചു കളഞ്ഞത്. വേനൽക്കാലത്തു ശ്രീനാരായണഗുരുവിനു വിശ്രമിക്കാൻ തണൽ വിരിച്ചുകൊടുത്തിരുന്നത് ഈ മാവാണ്. ഒരു കവിയുടെ ദൃഷ്ടിയിൽപ്പെട്ടിരുന്നുവെങ്കിൽ, കണ്വാശ്രമത്തിലെ സഹകാരത്തെപ്പോലെ, ഇതും ഒരു വർണ്ണ്യവസ്തുവായിത്തീരുമായിരുന്നു. ശകുന്തള വെള്ളമൊഴിച്ചുകൊടുത്തിരുന്ന തേന്മാവിന് 'സ്വയംവരവധു'വായിട്ടൊരു നവമാലികയുണ്ടായിരുന്നു. അക്കാര്യത്തിൽ നമ്മുടെ വൃക്ഷരാജൻ വ്യത്യസ്തനാണ്. അതിനാരും ശുശ്രൂഷിക്കാനുണ്ടായിരുന്നില്ല. ഒരു മുല്ല വള്ളിയും അതിൽ പടർന്നു കയറിയിരുന്നില്ല. ആശ്രമനാഥനെപ്പോലെ ഈ മാവും നിത്യബ്രഹ്മചര്യമനുഷ്ഠിക്കുകയായിരുന്നുവെന്നു തോന്നുന്നു. എന്റെ മനസ്സിൽ ഈ കൊച്ചുമാവ് ഇപ്പോഴും പച്ചവിരിച്ചു പൊന്തിനിൽക്കുന്നു. എത്രയോ തവണ അതിന്റെ ചുവട്ടിൽനിന്നുകൊണ്ടു ഞാൻ സ്വാമിയുടെ സ്നിഗ്ദ്ധഗംഭീരസ്വരത്തിലുള്ള മധുരഭാഷണം കേട്ടു രസിച്ചിട്ടുണ്ട് അമരകോശം, അഷ്ടാംഗഹൃദയം, ഭഗവദ്ഗീത, ബ്രഹ്മസൂത്രഭാഷ്യം ഇത്യാദി ഗ്രന്ഥങ്ങളിലെ ചില ഭാഗങ്ങളായിരിക്കും ചിലപ്പോൾ സംഭാഷണവിഷയം. ഒരിക്കൽ ക്ഷുരകപര്യായമായ നാപിതൻ എന്ന പദത്തെപ്പറ്റി "നാപിതൻ—അതെങ്ങനെവന്നു?" എന്നു സ്വാമി ചോദിച്ചു, ഞാൻ മിണ്ടാതെ നിന്നതേയുള്ളു "ആപിതനല്ലാത്തവൻ—ആളയയ്ക്കാതെ മുറപ്രകാരം തനിയേ വരുന്നവനെന്നോ" എന്നിങ്ങനെ സംശയരൂപത്തിൽ സ്വാമിതന്നെ തുടർന്നു പറഞ്ഞതായിട്ടോർക്കുന്നു. ഒരു മങ്ങിയ ഓർമ്മമാത്രമാണിത്. മറ്റൊരിക്കൽ ഗീതയിലെ

> "വിഷയാ വിനിവർത്തന്തേ
> നിരാഹാരസ്യ ദേഹിനഃ
> രസവർജ്ജ്യം രസോ പ്യസ്യ
> പരം ദൃഷ്ട്വാ നിവർത്തതേ"

എന്ന ശ്ലോകം ചൊല്ലി സ്വാമി വ്യാഖ്യാനിച്ചു. ഇന്ദ്രിയനിഗ്രഹം ചെയ്താലും ആദ്യഘട്ടത്തിൽ രസമൊഴിച്ചേ വിഷയങ്ങൾ ക്രമേണ നിവർത്തിക്കുന്നുള്ളു. രസം-ഇച്ഛ—പിന്നെയും ബാക്കിനിൽക്കും. പിന്നെ പരത്തെ ദർശിക്കുന്ന ഘട്ടം വരുമ്പോൾ ഇച്ഛയും നശിക്കുന്നു എന്ന് അദ്ദേഹം എടുത്തുപറഞ്ഞു. രസവർജ്ജ്യം എന്നതു വേണ്ടസ്ഥാനത്ത് അന്വയിക്കാതെ ചിലർ തെറ്റിച്ചർത്ഥം പറയാറുണ്ട്. അതുകൊണ്ടായിരിക്കാം സ്വാമി ആ ശ്ലോകം പ്രത്യേകം ഓർമ്മിച്ചത്. ബ്രഹ്മസൂത്രങ്ങളിലെ അപശൂദ്രാധികരണത്തെപ്പറ്റിയുള്ള ശങ്കരഭാഷ്യം പിന്നൊരിക്കൽ ചിന്താവിഷയമായി. "അവിടെ ശങ്കരനു തെറ്റിപ്പോയി" എന്നു സ്വാമി ഒരു കൂസൽ കൂടാതെ പറഞ്ഞു. ശൂദ്രജാതിയിൽ ജനിച്ചുപോയി എന്നതുകൊണ്ട് ഒരുവനു വേദം പഠിച്ചുകൂടാ എന്ന് ഏതു ഭഗവാൻ പറഞ്ഞാലും അത് ഇന്നാരും വകവെച്ചുകൊടുക്കുകയില്ലല്ലോ. ഒരുവിധത്തിലും നീതികരിക്കാൻ വയ്യാത്ത ഒരു വ്യവസ്ഥയാണത്. സമാരാധ്യനായ പൂർവ്വാചാര്യന്റെ വിധിയേയും തെറ്റാണെന്നു കണ്ടാൽ എതിർക്കാനുള്ള ധീരമായ സന്നദ്ധത ശ്രീനാരായണഗുരുവിനെപ്പോലെ മറ്റൊരിന്ത്യൻ സന്ന്യാസിയും ഇങ്ങനെ നിശ്ശങ്കം പ്രകടിപ്പിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല. ഏകജാതിയുടെ വക്താവായ അദ്ദേഹത്തിന് ഈദൃശവിഷയങ്ങളുടെ സ്വതന്ത്രമായ നിരൂപണം ഒരാവശ്യവുമായിരുന്നു. ഇപ്രകാരം എനിക്കെന്നപോലെ മറ്റുപലർക്കും സ്വാമിയുടെ സാന്നിദ്ധ്യത്തിൽ ആ മാവിൻചുവട് ഒരു വിദ്യാലയമായിത്തീർന്നിട്ടുണ്ട്. മുന്നിൽക്കൂടി മന്ദം മന്ദം ഒഴുകിക്കൊണ്ടിരുന്ന പെരിയാർ. ആശ്രമത്തിലെ ഏകാന്തശാന്തമായ അന്തരീക്ഷത്തിൽ സ്വാമി സംഭാഷണം ചെയ്തുകൊണ്ടിരിക്കുമ്പോൾ, ഒരു 'മനശ്ശാന്തിപ്പാൽപ്പുഴ'യുടെ പ്രതീതി എന്നിലുളവാക്കിയിരുന്നു. ആ സുമുഹൂർത്തങ്ങൾ ഇങ്ങിനിവരാത്തവണ്ണം കാലത്തിരയ്ക്കുള്ളിൽ മറഞ്ഞു.

മഹാത്മജിയുടെ വരവ്

ആശ്രമത്തിലെ ഈ മാവ് മറ്റൊരു വിധത്തിലും കേളി കേട്ടതാണ്. വൈക്കം സത്യാഗ്രഹകാലത്തു മഹാത്മാഗാന്ധിയെ സ്വാഗതംചെയ്യാനും ആ മാവിനു ഭാഗ്യമുണ്ടായി. സത്യാഗ്രഹത്തെ സംബന്ധിച്ചു മഹാത്മജിയും അന്നത്തെ തിരുവിതാംകൂർ പോലീസ് കമ്മീഷണർ പിറ്റ്സായ്യും തമ്മിൽ ഒരു ഉടമ്പടി നടന്നതും അതിന്റെ ചുവട്ടിൽവച്ചായിരുന്നു. ഗാന്ധി-പിറ്റ് പാക്റ്റ് എന്ന പേരിൽ 'സുപ്രസിദ്ധ'മായ ആ ഉടമ്പടിക്കു മൂകസാക്ഷിയായി നിന്ന ആ മാവിന് അങ്ങനെയൊരു ചരിത്രവിഖ്യാതിതന്നെ ലഭിച്ചു. അന്നു സ്വാമി സ്ഥലത്തില്ലായിരുന്നു. അദ്ദേഹം വർക്കല ശിവഗിരിയിൽ വിശ്രമിക്കുകയായിരുന്നു. അവിടെവെച്ചാണ് മഹാത്മജിയും സ്വാമിയും തമ്മിൽ കൂടിക്കാഴ്ചനടന്നത്.

ടാഗൂറും ഒരിക്കൽ ശിവഗിരിയിൽച്ചെന്നു സ്വാമിയെ ദർശിച്ചതും പ്രസിദ്ധമാണല്ലോ. സന്ദർശനംകഴിഞ്ഞു മഹാകവി കൈകൂപ്പി യാത്രപറഞ്ഞപ്പോൾ സ്വാമി പ്രത്യഭിവാദനംചെയ്തില്ല എന്നൊരു പരാതി അന്നു ചില പത്രങ്ങളിൽ കണ്ടിരുന്നു. വെറും ഒരു തെറ്റിദ്ധാരണയായിരുന്നു അത്. അതു മനസ്സിലാക്കാതെ, സ്വാമി അങ്ങനെ മഹാകവിയെ അവഗണിച്ചോ എന്നോർത്തു ഞാനും അത്ഭുതപ്പെട്ടിരുന്നു. കുറെനാൾ കഴിഞ്ഞ് അദ്ദേഹം ആലുവായിൽ വന്നപ്പോൾ സംഭാഷണമദ്ധ്യേ ആരും ചോദിക്കാതെത്തന്നെ ഈ സംഭവത്തെപ്പറ്റി "നാം കൈകൂപ്പിയതു പുതച്ചിരുന്ന മുണ്ടിനടിയിലായിപ്പോയി; അതാരും കണ്ടില്ല" എന്നൊരു വിശദീകരണം നൽകി. ആളുകൾ എത്രപെട്ടെന്ന് എങ്ങനെയെല്ലാം തെറ്റിദ്ധരിക്കുന്നുവെന്നൊരു ഭാവവും ആ മുഖത്തു സ്ഫുരിച്ചു.

അയ്യപ്പനും വാവരും

ശബരിമല അയ്യപ്പനെപ്പറ്റി രസകരമായ ചില അഭിപ്രായങ്ങൾ സ്വാമി ഒരിക്കൽ പറയുകയുണ്ടായി. അയ്യപ്പൻ ഒരീഴവ പ്രമാണിയായിരുന്നുവത്രേ. വാവരു മുസ്ലീമാണല്ലോ. രണ്ടുപേരും വലിയ കൂട്ടുകാരും മലവാസികളുമായിരുന്നു. മലയിൽനിന്നു വിറകുവെട്ടി നാട്ടിൽ കൊണ്ടുചെന്നു കച്ചവടം ചെയ്യുകയായിരുന്നു രണ്ടുപേരുടേയും തൊഴിൽ. അങ്ങനെ അവർ പണക്കാരും പ്രമാണികളും ആയിത്തീർന്നു. ആയുധവിദ്യയിലും അവർ നേതൃത്വം നേടി. ബഹുജനാരാധ്യരായിത്തീർന്ന ഈ പ്രമാണികൾ മരിച്ചപ്പോൾ അന്നത്തെ സമ്പ്രദായമനുസരിച്ചു നാട്ടുകാർ ഇവരുടെ ആത്മാക്കളെ കുടിയിരുത്തി പൂജിക്കാൻ തുടങ്ങി. ഇപ്പോഴത്തെ അയ്യപ്പപൂജയുടെ ആഗമം ഇങ്ങനെയായിരിക്കാം. കൂട്ടുകാരനായിരുന്ന വാവരെ ഹിന്ദുക്കളും മുസ്ലീങ്ങളും ഇപ്പോൾ പൂജിക്കുന്നുണ്ടല്ലോ ഇതായിരുന്നു സ്വാമി പറഞ്ഞതിന്റെ ചുരുക്കം. ചേർത്തലയിലെ ചീരപ്പൻകുടുംബക്കാർക്ക് ഇന്നും ശബരിമല ക്ഷേത്രത്തിൽ ചില അവകാശങ്ങൾ ഉള്ളത് അയ്യപ്പനും ഈഴവ സമുദായവും തമ്മിൽ എന്തോ ബന്ധമുണ്ടായിരുന്നുവെന്നതിന് ഒരു തെളിവാണല്ലോ. അയ്യപ്പനും വാവരും പക്ഷേ, പടവെട്ടി മരിച്ചുപോയതാണെന്നുവരാമെന്നും സ്വാമി സൂചിപ്പിച്ചു. ജീവിച്ചിരിക്കുമ്പോൾ ഏതെങ്കിലും വിധത്തിൽ അസാധാരണ ശക്തി പ്രകടിപ്പിച്ചുകൊണ്ടിരുന്ന മനുഷ്യർ മരണാനന്തരം ക്രമേണ ദേവന്മാരായി തീരാറുണ്ട്. ജനങ്ങളുടെ മതപരമായ മൂഢവിശ്വാസമാണ് ഇതിനു പ്രേരകമായിത്തീരുന്നത്. മഹാത്മാഗാന്ധിയും ശ്രീനാരായണഗുരുവും ഇപ്പോൾത്തന്നെ ദേവന്മാരുടെ പദവിയിലേയ്ക്ക് ഉയർന്നു തുടങ്ങിയിട്ടുണ്ടല്ലോ. കാലക്രമേണ ഇവരേയും ക്ഷേത്രങ്ങളിൽ പ്രതിഷ്ഠിച്ചു പൂജാദികർമ്മങ്ങൾ നടത്തി തുടങ്ങിയേയ്ക്കാം. ഇസ്കന്ദർ എന്ന യവനപ്പേരുള്ള അലക്സാണ്ടർ ചക്രവർത്തിയാണ് നമ്മുടെ സ്കന്ദൻ-സുബ്രഹ്മണ്യൻ-ആയി പരിണമിച്ചതെന്നു ചില ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു. ശാസ്ത്രബോധത്തിന്റെ വെളിച്ചംതട്ടാതിരുന്ന പ്രാചീന യുഗങ്ങളിൽ മനുഷ്യന്റെ വിശ്വാസങ്ങളും ആചാരങ്ങളും എങ്ങനെയെല്ലാം കാടുകയറിയിരുന്നുവെന്ന് ആരുകണ്ടു!

ചാത്തൻ

ശ്രീനാരായണഗുരു പല അത്ഭുതവിദ്യകളും പ്രയോഗിച്ചിട്ടുണ്ടെന്നു ചിലർ പറഞ്ഞുകേട്ടിട്ടുണ്ട്. എന്റെ അറിവിൽപ്പെട്ടിടത്തോളം അങ്ങനെ വിശ്വസിക്കാൻ വഴികാണുന്നില്ല. ഒരിക്കൽ ചാത്തന്റെ ഉപദ്രവം സഹിക്കവയ്യാതെ ഒരു മുസ്ലീം, സ്വാമിയുടെ അടുത്തുവന്നു സങ്കടം പറയുന്നതു കണ്ടു. സ്വാമിയുടെ ഒരു കത്തു കിട്ടിയാൽ ചാത്തന്റെ ശല്യം മാറുമെന്നായിരുന്നു അയാളുടെ ദൃഢവിശ്വാസം, പിന്നെ കത്തുകൊടുക്കാതെന്തുചെയ്യും! അയാളെ ഉപദ്രവിക്കരുതെന്നു പറഞ്ഞുകൊണ്ടു സ്വാമി ചാത്തനു ഒരു കത്തുകൊടുത്തു. പുരയ്ക്കു ചുറ്റും നടന്ന് അതു ഉറക്കെ വായിക്കാനും പറഞ്ഞുവെന്നു തോന്നുന്നു. ഈ സമയമെല്ലാം ഞാൻ അത്ഭുതാധീനനായി അടുത്തു നിൽക്കുന്നുണ്ടായിരുന്നു. അയാൾ പോയ്ക്കഴിഞ്ഞപ്പോൾ, ചാത്തൻ എന്നൊന്നുണ്ടോ എന്നൊരു ചോദ്യം എന്നിൽ നിന്നു പുറപ്പെടാതിരുന്നില്ല. സ്വാമി അതിനു പറഞ്ഞ മറുപടി എന്തായെന്നോ! "പാവം, അവന്റെ വിശ്വാസം" എന്നുമാത്രം. ഈവക കാര്യങ്ങളെപ്പറ്റി സ്വാമിയോടു തുറന്നുചോദിക്കാൻ ആരും ധൈര്യപ്പെടാതിരുന്നതുകൊണ്ടാകാം, വെറും കേട്ടുകേൾവിയെ അവലംബിച്ചു പല വിശ്വാസങ്ങളും പ്രചരിച്ചുപോന്നത്.

VI

എന്റെ ഗുരു സ്മരണകൾക്കു പഞ്ചവത്സരകാലത്തെ ദൈർഘ്യമേ ഉള്ളു. 'സംയോഗാഃ വിപ്രയോഗാന്താഃ' എന്നത് ഒരു ജീവിതസത്യമാണല്ലോ. എല്ലാത്തരം കൂടിച്ചേരലും വേർപാടിൽ അവസാനിക്കുന്നു. ആർക്കും തടുക്കാൻ വയ്യാത്ത ഒരവസ്ഥയാണിത് പരസ്പരം വിളക്കിച്ചേർത്തിട്ടുള്ള എത്രയോ വേർപാടുകളുടെ ആകത്തുകയാണ് ജീവിതമെന്നു ഡിക്കൻസ് ഒരു കഥാപാത്രത്തെക്കൊണ്ടു പറയിക്കുന്നുണ്ട്. 1928-ൽ ഞാൻ അദ്വൈതാശ്രമ സംസ്കൃത പാഠശാലയിലെ ജോലി രാജികൊടുത്ത് ആലുവാ യൂണിയൻ ക്രിസ്ത്യൻ കോളേജിൽ അധ്യാപകനായിച്ചേർന്നു. ഹൃദയത്തിൽ പലമുദ്രകളും പതിച്ച ആ വിദ്യാലയബന്ധം അങ്ങനെ അവസാനിച്ചു. അതിനു കുറെ മാസങ്ങൾക്കു മുമ്പുതന്നെ ശ്രീനാരായണഗുരു രോഗഗ്രസ്തനായിക്കഴിഞ്ഞിരുന്നു. രോഗാരംഭത്തിൽ ചികിത്സയ്ക്കായി അദ്ദേഹം ആലുവായിൽനിന്ന് യാത്ര പുറപ്പെട്ട രംഗം ഒരിക്കലും മറക്കാൻ വയ്യ. അത് ഒരന്ത്യയാത്രയായിത്തീരുമെന്ന് അന്നാരും വിചാരിച്ചില്ല. വണ്ടി കയറാൻ അടുത്തുള്ള റെയിൽവേസ്റ്റേഷനിലേക്ക് പുറപ്പെട്ട് അല്പദൂരം നടന്നപ്പോൾ സ്വാമി പെട്ടെന്നു തിരിഞ്ഞു നിന്ന്, പാഠശാലാകെട്ടിടത്തിലേയ്ക്കു നോക്കിക്കൊണ്ട്, "ഇതെല്ലാം നടക്കുമോ? നടക്കും, നടക്കും" എന്നു പറയുകയുണ്ടായി. അപ്രതീക്ഷിതമായി അദ്ദേഹം അങ്ങനെ പറഞ്ഞതെന്തുകൊണ്ടാണെന്നോർത്തു ഞങ്ങളെല്ലാവരും അത്ഭുതപ്പെട്ടു. ആ സ്ഥാപനത്തോടുള്ള അവസാനത്തെ വിട വാങ്ങലായിരുന്നു അതെന്ന് ഊഹിക്കാൻ ആർക്കും കഴിഞ്ഞില്ല. വണ്ടി സ്റ്റേഷൻ വിടുന്നതുവരെ ഞങ്ങൾ സ്വാമിയെത്തന്നെ നോക്കിക്കൊണ്ടുനിന്നു. അകാരണമായിട്ടെന്തോ ഒരു സങ്കടം എല്ലാവർക്കും തോന്നി. ആ യാത്രയോടുകൂടി ആലുവായ്ക്കു ഗുരുവിന്റെ സാന്നിധ്യം എന്നെന്നേയ്ക്കുമായി നഷ്ടപ്പെട്ടു. അദ്ദേഹം പിന്നെ തിരിച്ചുവരാനിടയായില്ല. പാലക്കാട്ടും മദ്രാസ്സിലും വച്ച് നടത്തിയ ഏറെനാളത്തെ ചികിത്സകൊണ്ടും പ്രയോജനമില്ലെന്നു കണ്ടു ശിഷ്യന്മാർ അദ്ദേഹത്തെ വർക്കലയ്ക്കു തിരിച്ചുകൊണ്ടുപോകാൻ നിശ്ചയിച്ചു. വരുന്നവഴി എറണാകളത്തു വിശ്രമിക്കാൻ ഒരു വലിയ ബംഗ്ലാവ് അവർ ഏർപ്പാടു ചെയ്തിരുന്നു. അവിടെ വച്ചാണ് ഞാൻ സ്വാമിയെ അവസാനമായി കണ്ടത്. രോഗശയ്യയ്ക്കടുത്തുചെന്നതിനു കൈകൂപ്പിയ എന്നെ ഒരു നോട്ടം കൊണ്ടനുഗ്രഹിക്കുവാനേ അദ്ദേഹത്തിനു കഴിവുണ്ടായിരുന്നുള്ളു. സംസാരിക്കാനുള്ള ശേഷിപോലും ഉണ്ടായിരുന്നില്ലെന്നു തോന്നി. വേദനസഹിക്കാതെ ഇടയ്ക്കിടയ്ക്കു ദീനസ്വരം പുറപ്പെടുവിച്ചു തല അങ്ങോട്ടുമിങ്ങോട്ടും ഉരുട്ടിയുംകൊണ്ടാണ് അദ്ദേഹം കിടന്നിരുന്നത്. അധികനേരം ആ കാഴ്ച കണ്ടു സഹിച്ചു നിൽക്കാൻ എനിക്കു കഴിഞ്ഞില്ല. അതുവരെ എന്നിലുണ്ടായിരുന്ന ആധ്യാത്മികമായ സകലവിശ്വാസങ്ങളും എന്തുകൊണ്ടോ തകർന്നു തരിപ്പണമാകുന്നതുപോലെ തോന്നി. ത്യാഗമൂർത്തികളായ മഹാത്മാക്കളുടെ വിശുദ്ധജീവിതം ഇങ്ങനെ രോഗത്തിലും വേദനയിലും കലാശിക്കുകയാണെങ്കിൽ, ഈ ലോകത്തിൽ ശാശ്വതമൂല്യമുള്ള എന്തെങ്കിലും ഉണ്ടോ എന്ന സംശയവും എന്നിലുദിച്ചു. ഏതായാലും ഏറ്റവും അസ്വസ്ഥമായ മനസ്സോടെയാണ് അന്നു ഞാൻ മടങ്ങിപ്പോന്നത്. മനുഷ്യന്റെ പല സങ്കൽപങ്ങളും വിശ്വാസങ്ങളും തീരെ നിരർത്ഥകങ്ങളാകാം. എങ്കിലും അനുഭവം അവയെ തിരായിത്തീരുമ്പോൾ മനസ്സു യുക്തിവിചാരത്തിനു വശംവദമാകാതെ അസ്വസ്ഥമാകുക സ്വാഭാവികമാണല്ലോ.

ശ്രീനാരായണഗുരുവിന്റെ സമാധിക്കുശേഷം കൊല്ലംതോറും ചതയ ദിനത്തിലോ സമാധിദിനത്തിലോ അദ്ദേഹത്തെപ്പറ്റി പ്രസംഗിക്കാൻ എനിക്ക് അവസരം ലഭിക്കാറുണ്ട്. എന്നാൽ അധികമൊന്നും എഴുതുവാൻ ഇതുവരെ ഇടയായിട്ടില്ല. 'വിവേകോദയം' പത്രാധിപരുടെ സ്നേഹപൂർവമായ നിർബന്ധം ഇല്ലായിരുന്നെങ്കിൽ സ്വതേ ഉദാസീനനായ ഞാൻ ഈ സ്മരണകൾ പോലും എഴുതാതെപോകുമായിരുന്നു. ഒരു കടമ നിർവ്വഹിക്കാൻ ഇങ്ങനെ എന്നെ പ്രേരിപ്പിച്ചതിന് ആ സുഹൃത്തിനോട് കൃതജ്ഞത പറയേണ്ടതുണ്ട്. ഇക്കഴിഞ്ഞ ചതയദിനത്തിൽ അഖിലേന്ത്യാറേഡിയോ പ്രക്ഷേപണം ചെയ്ത എന്റെ പ്രഭാഷണം സാനുവാദം ഇവിടെ ചേർത്തു കൊണ്ട് ഈ ലേഖന പരമ്പര അവസാനിപ്പിക്കാം.

ശ്രീനാരാരായണഗുരു

മതഗ്രന്ഥങ്ങൾക്കെന്നപോലെ, മഹാത്മാക്കളുടെ ജീവിത സന്ദേശങ്ങൾക്കും നിരീക്ഷണ സ്ഥാനഭേദംകൊണ്ടു ഭിന്നഭിന്ന വ്യാഖ്യാനങ്ങളുണ്ടാകുക സാധാരണമാണ്. ശ്രീനാരായണ സന്ദേശങ്ങളെ ദേശകാലോചിതമായി വ്യാഖ്യാനിക്കയും വിലയിരുത്തുകയും ചെയ്യുക എന്നത് ഇന്നത്തെ ഒരാവശ്യമാകുന്നു.


രാമമോഹൻറായ്

ഭാരതത്തിന്റെ നവോത്ഥാനത്തിന് അപരിത്യാജ്യമായിത്തീർന്ന ഒരു കർമ്മപരിപാടിയാണ് അധഃകൃതവർഗ്ഗോദ്ധാരണം. ആധുനികകാലത്തെ ധർമ്മസ്ഥാപനത്തിനുള്ള മുഖ്യമാർഗ്ഗവും അതാകുന്നു. രാമമോഹൻറായ്, ദയാനന്ദസരസ്വതി, രാമകൃഷ്ണപരമഹംസൻ, സ്വാമി വിവേകാനന്ദൻ തുടങ്ങിയ കർമ്മയോഗികൾ ജീവിച്ചതും പ്രവർത്തിച്ചതും ഈ ധർമ്മം പുനഃസ്ഥാപിക്കാൻ വേണ്ടിയാണ്. ശ്രീനാരായണഗുരുവും ഈ മാർഗ്ഗംതന്നെയാണ് പ്രധാനമായി അവലംബിച്ചത്. യോഗിയും അദ്വൈതിയും ആയിരുന്ന ഈ മഹാപുരുഷൻ പല യതിവര്യരും ചെയ്യാറുള്ളതുപോലെ സ്വമോക്ഷത്തെ ലക്ഷ്യമാക്കി പ്രവൃത്തിരംഗത്തുനിന്നു നിവൃത്തനായില്ല എന്നത് ഇവിടെ എടുത്തുപറയേണ്ടതുണ്ട്. ഭാരതീയവേദാന്തത്തിന്റെ പരമലക്ഷ്യമായ മോക്ഷം വ്യക്തിയെ മാത്രം സംബന്ധിക്കുന്ന ഉദാത്തീകൃതമായ ഒരുതരം സ്വാർത്ഥതതന്നെയാകുന്നു. തപശ്ശക്തി സംഭരിച്ച എത്രയോ സന്ന്യാസിമാരുടെ കർമ്മശക്തി ഈ സ്വാർത്ഥത മൂലം സമൂഹത്തിനു പ്രയോജനപ്പെടാതെ പോയിട്ടുണ്ട്. എന്നാൽ ശ്രീനാരായണഗുരുവാകട്ടെ, തപശ്ചര്യകൊണ്ടു വികസിച്ച സ്വകീയമായ വ്യക്തിമഹത്വത്തെ സമൂഹോന്നമനത്തിനായി വിനിയോഗിച്ചു. തന്റെ യോഗശക്തിയേയും ജ്ഞാനശക്തിയേയും അദ്ദേഹം ആദ്ധ്യാത്മിക മണ്ഡലത്തിൽ അടച്ചുപൂട്ടി സൂക്ഷിക്കാതെ ലൗകികതലത്തിലേയ്ക്കും പ്രസരിപ്പിച്ചു ബഹുലക്ഷം ജനങ്ങളുടെ അന്ധകാരജീവിതത്തിൽ പ്രകാശം പരത്തി അവരെ സ്വാതന്ത്ര്യബോധമുള്ള മനുഷ്യരാക്കി. നൂറ്റാണ്ടുകളായി ചവിട്ടിമെതിക്കപ്പെട്ടു കിടന്ന മനുഷ്യത്വത്തെ അദ്ദേഹം സമുദ്ധരിച്ചു. ജാതി പിശാചിനെ ഉച്ചാടനം ചെയ്തു കേരളീയരെ മനുഷ്യത്വം പഠിപ്പിച്ച ഏക ഗുരുനാഥനെന്നും ഈ ഋഷിവര്യനെ വിശേഷിപ്പിക്കാം. ജ്ഞാനസിദ്ധനും അതേസമയം കർമ്മസിദ്ധനുമായിരുന്നു അദ്ദേഹം. കർമ്മജ്ഞാനങ്ങളെ സമന്വയിപ്പിച്ചുകൊണ്ടുള്ള പ്രായോഗികവേദാന്തത്തിനാണ് ഗുരു പ്രാധാന്യം കൽപ്പിച്ചത്.

ഒരു സന്ന്യാസി രണ്ടു പ്രതിജ്ഞയെടുക്കുന്നു—ഒന്ന് സത്യം സാക്ഷാത്ക്കരിക്കാൻ, രണ്ട്, ലോകത്തെ സഹായിക്കാൻ, എന്നു സ്വാമി വിവേകാനന്ദൻ ഒരിടത്തു പറഞ്ഞിട്ടുണ്ട്. ശ്രീനാരായണഗുരുവും ഇതുതന്നെയാണ് ചെയ്തത് അദ്ദേഹം സത്യം സാക്ഷാത്കരിച്ചു. അതിന്റെ വെളിച്ചത്തിൽ ലോകസേവനം നിർവ്വഹിച്ചു.

> "അസക്തൊഹ്യാചരൻ കർമ്മ
> പരമാപ്നോതി പൂരുഷഃ"

ഫലാപേക്ഷകൂടാതെ കർമ്മം ചെയ്യുന്നവൻ മോക്ഷത്തെ പ്രാപിക്കുന്നു—എന്ന ഗീതാതത്ത്വമായിരിക്കാം അദ്ദേഹം പ്രമാണമാക്കിയത്.

> "കുർവ്വന്നേവേഹ കർമ്മാണി
> ജിജീവിഷേച്ഛതം സമാഃ"



ദയാനന്ദസരസ്വതി

എന്ന ഉപനിഷദ്വാക്യത്തേയും ഉദാഹരിക്കുന്നുണ്ട് അലോകസാമാന്യമായ ആ മഹജ്ജീവിതം. പ്രപഞ്ചത്തിന്റെ മിഥ്യാത്വത്തിൽ ഭ്രമിച്ചു കർമ്മവിമുഖരായി അലസജീവിതം നയിക്കുന്ന ഇന്ത്യൻ സന്ന്യാസിമാർക്കു ശ്രീനാരായണന്റെ സേവനസമർപ്പിതമായ ജീവിതം മഹത്തായൊരു മാതൃകയാകേണ്ടതാണ്. എന്നാൽ അധഃകൃതവർഗ്ഗോദ്ധാരകൻ എന്നനിലയിൽ മാത്രമല്ല നാം അദ്ദേഹത്തെ കാണേണ്ടത്. മനുഷ്യജാതിയെന്ന വിശ്വവിശാലമായ ആശയത്തിന്റെ പ്രവാചകൻ, മതത്തേയും ദൈവത്തേയും അദ്വൈതദൃഷ്ട്യാ ഏകത്വത്തിൽ വിലയിപ്പിച്ച തത്ത്വദർശി, സഹസ്രാബ്ദങ്ങളായി നിലനിന്നു പോന്ന മൂഢാചാരപാരമ്പര്യത്തേയും അന്ധവിശ്വാസങ്ങളേയും ധീരതയോടെ ധ്വംസിച്ചു സാമൂഹിക ജീവിതത്തിൽ വിപ്ലവം സൃഷ്ടിച്ച ഉത്പതിഷ്ണു. യുക്ത്യാനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ഏതു മതപ്രമാണത്തേയും തത്ത്വ സംഹിതയേയും നിശ്ശങ്കം നിരൂപണം ചെയ്ത സ്വതന്ത്രചിന്തകൻ എന്നീ വിവിധനിലകളിൽ ശ്രീനാരായണൻ ഒരപൂർവ്വാചാര്യനായി പ്രശോഭിച്ചിട്ടുണ്ട്. ഇതര മതാചാര്യന്മാരെപ്പോലെ ആദ്ധ്യാത്മികതയേയും ഭൗതികത്വത്തേയും വേർതിരിച്ചു നിർത്തി രണ്ടാമത്തേതിനെ ഇച്ഛീകരിച്ചുകാണിപ്പാൻ അദ്ദേഹം ഒരിക്കലും മുതിർന്നിട്ടില്ല. രണ്ടും ജീവിതത്തിന്റെ അവിഭക്തഘടകങ്ങളും സമപ്രധാനങ്ങളുമാണെന്ന തത്ത്വമാണ് ഗുരു ദർശിച്ചിരുന്നത്. മാത്രമല്ല, "മതമേതായാലും കൊള്ളാം മനുഷ്യൻ നന്നായാൽ മതി" എന്ന സുപ്രസിദ്ധമായ ഗുരുവചനത്തിൽ മനുഷ്യനന്മയ്ക്കാണല്ലോ പ്രാധാന്യം. ആ നന്മയ്ക്കു മതം അത്യാവശ്യമല്ലെന്ന ധ്വനികൂടി അതിലുണ്ട്. മറ്റു മതപ്രചാരകന്മാർ അവനവന്റെ മതമാകുന്ന പുഴയുടെ ആഴവും നീളവും അളന്നുകാണിച്ചു പ്രചാരണപ്പെരുമ്പറ മുഴക്കിയപ്പോൾ, ശ്രീനാരായണഗുരു ഹിന്ദുമതത്തെപ്പറ്റി ഒരക്ഷരവും പറയാതെ എല്ലാ മതനദികളും ചെന്നുചേരുന്ന മഹാസമുദ്രത്തെപ്പറ്റിയാണ് സംസാരിച്ചതെന്ന സംഗതി ഏറ്റവും അർത്ഥവത്താകുന്നു. വാസ്തവത്തിൽ മതാതീതനായ ഒരു തത്ത്വജ്ഞാനിയായിരുന്നു അദ്ദേഹം.

> "പലമതസാരവുമേകമെന്നു പാരാ-
> തുലകിലൊരാനയിലന്ധരെന്നപോലെ
> പലവിധ യുക്തിപറഞ്ഞു പാമരന്മാ-
> രലയുവതോർത്തലയാതിരുന്നിടേണം."

എന്ന ഉപദേശത്തിലെ അന്ധഗജന്യായംകൊണ്ട് അദ്ദേഹം മതഭേദങ്ങളെ കളിയാക്കുകകൂടി ചെയ്യുന്നുണ്ട്. "ഒരു ജാതി, ഒരുമതം, ഒരു ദൈവം മനുഷ്യന്" എന്ന ശ്രീനാരായണസന്ദേശം എക്കാലത്തും ഏതു രാജ്യത്തും വിലപ്പോകുന്നതും ഏതു സമുദായത്തിന്റേയും സാംസ്കാരികവികസനത്തിന് അത്യന്തം ഉപകരിക്കുന്നതുമായ ഒരു വിശിഷ്ടാശയമാണ്. ഭൂമുഖത്തെ വികൃതമാക്കുന്ന സമസ്തജാതിമതവർഗ്ഗഭേദങ്ങളും അസ്തമിച്ചു കേവലമായ മനുഷ്യത്വത്തിന്റെ സർവ്വാശ്ലേഷിയായ മനോഹരരൂപം ആ സന്ദേശത്തിൽ പൊന്തിവരുന്നു. ഭേദങ്ങൾ ഉന്മൂലിച്ചാൽ, സാധാരണാർത്ഥത്തിൽ നിലവിലുള്ള മതങ്ങളെല്ലാം ഇല്ലാതാകുമല്ലോ. അപ്പോൾ പിന്നെ ജാതികൾക്കും ബഹുവിധദൈവങ്ങൾക്കും നിൽക്കക്കള്ളിയുണ്ടാകില്ല. അന്താരാഷ്ട്രീയമേഖലയിൽ ഇന്നു രൂപംപൂണ്ടു തുടങ്ങിയിരിക്കുന്ന ഏകലോകമെന്ന ആശയത്തിന്റെ ഒരു മുദ്രാവാക്യമായി പ്രസ്തുതസന്ദേശത്തെ പരിഗണിക്കാം. ഒരു പ്രത്യേക മതത്തെ ആസ്പദമാക്കി ശ്രീനാരായണഗുരു ക്ഷേത്രങ്ങൾ സ്ഥാപിച്ചിട്ടുണ്ടെന്ന കാര്യം ഇവിടെ വിസ്മരിക്കുന്നില്ല. പക്ഷേ, അതു പാമരഭൂരിപക്ഷമുള്ള അധഃസ്ഥിത സമുദായങ്ങളെ പടിപടിയായി ഉയർത്തിക്കൊണ്ടുവരുന്നതിനാവശ്യമായ ഒരു തൽക്കാലോപാധിമാത്രമായിരുന്നു. ക്ഷേത്രങ്ങൾ ഇനി ആവശ്യമില്ലെന്നും തൽസ്ഥാനത്തു വിദ്യാഭ്യാസസ്ഥാപനങ്ങളോ തൊഴിൽശാലകളോ ആണു വേണ്ടതെന്നും അദ്ദേഹം അനന്തരകാലത്തു തുറന്നു പറഞ്ഞിട്ടുണ്ട്. ഗുരു ഒടുവിൽ നടത്തിയ കണ്ണാടിപ്രതിഷ്ഠയോ? മനുഷ്യന്റെ ധ്യാനലക്ഷ്യം മനുഷ്യൻതന്നെയാണെന്നും അവന്റെ അന്തഃശക്തിയുടെ വികാസമാണാവശ്യമെന്നും ഉള്ള വസ്തുതയല്ലേ അതു വെളിപ്പെടുത്തുന്നത്?

ശ്രീനാരായണന്റെ ക്ഷേത്രപ്രതിഷ്ഠയ്ക്കു കാലത്തിനൊത്ത വേറൊരർത്ഥം കൂടിയുണ്ടെന്നോർക്കണം. എത്ര വെട്ടിയാലും മുറിഞ്ഞുപോകാതെ ഭാരതത്തിൽ വേരുറച്ചുപോയ ബ്രാഹ്മണപൗരോഹിത്യത്തിന്റെ നേരേ ഉഗ്രംപശ്യനായി അദ്ദേഹം നടത്തിയ ഒരു വെല്ലുവിളിയാണത്. വൈദികസ്ഥാനങ്ങളിൽ നിന്നു ചോദ്യം പുറപ്പെട്ടപ്പോൾ, താൻ ഈഴവശിവനേയാണ് പ്രതിഷ്ഠിച്ചതെന്ന പ്രത്യുത്തരം ദുർവ്യാപകമായ ഒരാശയവിപ്ലവത്തിന്റെ ഗംഭീരശംഖധ്വനിയായിരുന്നു. അതിലെ നിശിതമായ ഹാസ്യം യാഥാസ്ഥിതികരെ നിശ്ശബ്ദരാക്കാൻ പര്യാപ്തമാവുകയും ചെയ്തു.


രാമകൃഷ്ണപരമഹംസൻ

സാർവ്വലൗകികത്വം (universality) ശ്രീനാരായണോപദേശങ്ങളുടെ ഒരു പ്രത്യേകതയാണ്. ചക്രവാളംപോലെ, അടുക്കുന്തോറും അവ കൂടുതൽ അർത്ഥവിസ്തൃതമാകും. യാതൊരു സംശയവും കൂടാതെ ആർക്കും മനസ്സിലാകത്തക്കവിധം ഏറ്റവും ലളിതമായ ഭാഷയിലാണ് അവ രചിതമായിരിക്കുന്നത്. അതേസമയം, സൂത്രവാക്യ സദൃശമായ അർത്ഥഗാംഭീര്യവും അവയിൽ കാണാം. താൻ പറയുന്നതു പാമരജനങ്ങളുടെ ഉള്ളിലും കരിക്കുകൊള്ളണമെന്നു ഗുരു കരുതിയിരുന്നു. സ്വതേ മൗനിയായിരുന്നെങ്കിലും അൽപ്പഭാഷണംകൊണ്ടു ശ്രോതാക്കൾക്കു സംശയനിവൃത്തിവരുത്താൻ അദ്ദേഹം അതിവിദഗ്ദ്ധനായിരുന്നു. ചിലപ്പോൾ ലളിതോദാഹരണങ്ങളിൽ കൂടിയായിരിക്കും ആശയാവിഷ്ക്കരണം. "ജാതി ഒന്നാണെന്നതിനു തെളിവൊന്നും വേണ്ടല്ലോ. ഒരു പട്ടി വേറൊരു പട്ടിയെ കണ്ടാൽ അതിന്റെ സ്വന്തം ജാതിയാണെന്നു മനസ്സിലാക്കുന്നു. എല്ലാ മൃഗങ്ങൾക്കും ഈ വകതിരിവുണ്ട്. അതനുസരിച്ചു ജീവിക്കുന്നുമുണ്ട്. മനുഷ്യർക്കു മാത്രം സംശയം, സ്വന്തം ജാതി തിരിച്ചറിയാനുള്ള ശക്തിയില്ല. മൃഗങ്ങളേക്കാളും മോശം" ഈ സംഭാഷണത്തിൽ ഉദ്ദിഷ്ടമായ ആശയം എത്ര ഊക്കോടെ നമ്മുടെ മനസ്സിൽ തറച്ചുകയറുന്നുണ്ടെന്നു നോക്കുക.

തീർത്ഥാടകർ രുദ്രാക്ഷം ധരിക്കണോ എന്ന ചോദ്യത്തിന് "വേണ്ടാ; രുദ്രാക്ഷം അരച്ചു പച്ചവെള്ളത്തിൽ കുടിക്കുന്നതു നന്നായിരിക്കും; ദ്ഗുണമുണ്ടാകാതിരിക്കില്ല" എന്ന നർമ്മരസം കലർന്ന മറുപടി അത്തരം വേഷവിധാനങ്ങളുടെ നിരർത്ഥകതയെ വെളിപ്പെടുത്തുന്നു.

ശവം സംസ്കരിക്കേണ്ടതെങ്ങനെയെന്ന ചോദ്യത്തിനു കൊടുത്ത ഉത്തരം ഇവയേക്കാളേറെ രസാവഹമായിട്ടുണ്ട് ശവം "ചക്കിലിട്ടാട്ടിയെടുത്താൽ വളമായിട്ടുപയോഗിക്കാമല്ലോ" എന്നാണ് അദ്ദേഹം പറഞ്ഞത്. ഇന്നും നമ്മുടെയിടയിൽ നടമാടുന്ന ശവസംബന്ധിയായ അന്ധചാര വിശ്വാസങ്ങളുടേയെല്ലാം തലയ്ക്കടിച്ച കനത്തൊരടിയാണതെന്നു പറയേണ്ടതില്ലല്ലോ. ഗുരുവിന്റെ അന്യാദൃശമായ ഉത്പതിഷ്ണുത്വമാണ് ഈ ദൃശ വചനങ്ങളിൽ പ്രതിഫലിക്കുന്നത്.

അദ്വൈതസിദ്ധാന്തത്തിലെ പൂർവ്വാചാര്യന്മാരെപ്പോലും സ്വതന്ത്രമായി വിമർശിക്കുവാൻ ശ്രീനാരായണൻ ശങ്കിച്ചിരുന്നില്ല. ബ്രഹ്മസൂത്രത്തിലെ അപശൂദ്രാധികരണത്തിന്റെ ശാങ്കരഭാഷ്യം യുക്തിക്കും നീതിക്കും വിരുദ്ധമാകയാൽ സ്വീകാര്യമല്ലെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടിട്ടുണ്ട്

അദ്വൈതതത്ത്വം വിശദീകരിക്കുന്ന ചില ലഘുകൃതികൾ ഗുരുവിന്റെ വകയായിട്ടുണ്ടെങ്കിലും വേദാന്തം പഠിപ്പിക്കുവാൻ പ്രത്യേകിച്ചൊരു സ്ഥാപനവും അദ്ദേഹം ഏർപ്പെടുത്തിയില്ല. വേദാന്തം ഇന്ത്യയ്ക്ക് ആവശ്യത്തിലധികം ഉണ്ടെന്നും അതറിയാത്തതുകൊണ്ടുള്ള കുഴപ്പമല്ല ഈ രാജ്യത്തെ ബാധിച്ചിരിക്കുന്നതെന്നും അദ്ദേഹം കണ്ടറിഞ്ഞിരുന്നു. സംസ്കൃതം മുഖ്യ വിഷയമാക്കിക്കൊണ്ടു നവീനരീതിയിലുള്ള ചില പാഠശാലകളാണ് അദ്ദേഹം സ്ഥാപിച്ചത്. വിദ്യാഭ്യാസം, വ്യവസായം, സംഘടന, ജീവിതശുദ്ധി ഇതൊക്കെയാണ് അധഃസ്ഥിതസമുദായങ്ങൾക്കു വേണ്ടതെന്നു ഗുരു കൂടെക്കൂടെ പറഞ്ഞിരുന്നു. ഇങ്ങനെ നാനാപ്രകാരേണ ആദർശശാലിതയും പ്രായോഗികബുദ്ധിയും ഇണങ്ങിച്ചേർന്നിരുന്ന ഒരു യുഗാചാര്യനായിരുന്നു ശ്രീനാരായണൻ. കേരളത്തെ ജാതിപ്പാതാളത്തിൽ നിന്ന് ഉയർത്തി അതിന്റെ ഭ്രാന്താലയത്വം നിശ്ശേഷം നീക്കംചെയ്തുവെന്നതുകൊണ്ടുതന്നെ അദ്ദേഹം നമുക്കെല്ലാവർക്കും പ്രാതഃസ്മരണീയനാകുന്നു. ആ മഹച്ചരിതവും മഹാസൂക്തങ്ങളും ഭാവിതലമുറകൾക്കും പ്രചോദനം നൽകുമാറാകട്ടെ.

—സ്മരണമഞ്ജരി.

□

കുറ്റിപ്പുഴ കൃഷ്ണപിള്ള

ജനനം: 1-8-1900
പിതാവ്: ഊരുമനയ്ക്കൽ ശങ്കരൻ നമ്പൂതിരി
മാതാവ്: കുറുങ്ങാട്ട് ദേവകി അമ്മ
വിദ്യാഭ്യാസം: വിദ്വാൻ പരീക്ഷ, എം. എ.

ജോലി

ആലുവാ അദ്വൈതാശ്രമം ഹൈസ്കൂൾ അദ്ധ്യാപകൻ, ആലുവ യൂണിയൻക്രിസ്ത്യൻ കോളേജ് അദ്ധ്യാപകൻ, കേരള സാഹിത്യ അക്കാദമി പ്രസിഡന്റ് 1968–71, കേന്ദ്ര സാഹിത്യ അക്കാദമി അംഗം, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഭരണസമിതിയംഗം, കേരള സർവ്വകലാശാലയുടെ സെനറ്റംഗം, ബോർഡ് ഓഫ് സ്റ്റഡീസ് അംഗം, പാഠ്യ പുസ്തക കമ്മിറ്റി കൺവീനർ (1958), ബാല സാഹിത്യ ശില്പശാല ഡയറക്ടർ (1958), 'ദാസ് ക്യാപിറ്റൽ' മലയാളപരിഭാഷയുടെ ചീഫ് എഡിറ്റർ, കേരള സാഹിത്യ സമിതി പ്രസിഡന്റ്.

കൃതികൾ

സാഹിതീയം, വിചാരവിപ്ലവം, വിമർശ രശ്മി, നിരീക്ഷണം, ഗ്രന്ഥാവലോകനം, ചിന്താതരംഗം, മാനസോല്ലാസം, മനന മണ്ഡലം, സാഹിതീകൗതുകം, നവദർശനം, ദീപാവലി, സ്മരണമഞ്ജരി, കുറ്റിപ്പുഴയുടെ തിരഞ്ഞെടുത്ത ഉപന്യാസങ്ങൾ, വിമർശ ദീപ്തി, യുക്തിവിഹാരം, വിമർശനവും വീക്ഷണവും, കുറ്റിപ്പുഴയുടെ പ്രബന്ധങ്ങൾ—തത്വചിന്ത, കുറ്റിപ്പുഴയുടെ പ്രബന്ധങ്ങൾ—സാഹിത്യവിമർശം, കുറ്റിപ്പുഴയുടെ പ്രബന്ധങ്ങൾ—നിരീക്ഷണം.

ചരമം: 11-2-1971

പിൻകുറിപ്പ്

- ○ മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണു് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളതു്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്‌ക്‌ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ○ ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നതു്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണു് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നതു്.
- ○ പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണു്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണു് ഇവയിൽ ഏറ്റവും മുന്തിയതു്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- ○ സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണു്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണു്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- ○ പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണു്. അവ സായാഹ്നപ്രവർത്തകർക്കു് കൂടുതൽ ഉത്തേജനം നൽകുന്നതാണു്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം
695014